# ഭാരതത്തിന്റെ കാവൽപിതാവായ മാർ തോമാശ്ലീഹാ

# വാർത്തകൾ

## ശ്രേഷ്ഠ ബാവായുടെ പൗരോഹിത്യ ജൂബിലി ഉദ്ഘാടനം 16-ന്



കൊച്ചി: മലങ്കര യാക്കോബായ സഭാധ്യക്ഷൻ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സഭാ തലത്തിലുള്ള ഉദ്ഘാടനം 16-ന് അങ്കമാലി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ കോതമംഗലത്തു നടക്കും.

സുവർണ്ണജൂബിലി വർഷമായ 2007-08 സഭാ വർഷമായി ആഘോഷിക്കാനുള്ള തീരുമാനം ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ അംഗീകരിച്ചതായി എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രീഗോറിയോസ് അറിയിച്ചു. സഭയുടെ വളർച്ചയ്ക്കൊത്തവിധം ശ്രേഷ്ഠ ബാവായെ ആദരിക്കാനാണ് സഭയുടെ തീരുമാനമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിനകത്തും പുറത്തുമുള്ള പ്രധാന നഗരങ്ങളിലും പട്ടണങ്ങളിലും ജൂബിലിയുടെ വിളംബര പ്രഖ്യാപന സമ്മേളനങ്ങൾ നടത്തിക്കഴിഞ്ഞു. അങ്കമാലി ഭദ്രാസന വൈദികരുടെ സമ്മേളനം യോഗം ചേർന്ന് ആഘോഷപരിപാടികൾക്ക് അന്തിമ രൂപം നല്കും. ജൂബിലി ആഘോഷങ്ങളുടെ തുടക്കം കോതമംഗലത്തും സമാപനം പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിലുമായിരിക്കും. സഭ, ഭദ്രാസന, ഇടവക, ഭക്തസംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ ജൂബിലി ആഘോഷങ്ങൾ ഒരു വർഷം നീണ്ടു നിൽക്കും. പതിനാറിനു നടക്കുന്ന ഉത്ഘാടന പരിപാടികൾക്കു മുന്നോടിയായി ശ്രേഷ്ഠ ബാവായുടെ നേതൃത്വത്തിൽ അഞ്ചിന്മേൽ കുർബ്ബാനയും ഉച്ചയ്ക്കു ശേഷം റാലിയും പൊതുസമ്മേളനവും നടക്കും. സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും ശ്രേഷ്ഠ ബാവായ്ക്കൊപ്പം റാലിയിൽ പങ്കെടുക്കും. കോതമംഗലം മാർ അത്തനേഷ്യസ് കോളജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന അനുമോദന സമ്മേളനം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഉത്ഘാടനം ചെയ്യും. ജൂബിലി സ്മാരകമായി പാവപ്പെട്ട 100 പേർക്ക് വീടു നിർമ്മിച്ചു നല്കും. ഇതിൽ പൂർത്തിയായ വീടുകളുടെ താക്കോൽ ദാനം ഉദ്ഘാടന സമ്മേളനത്തിൽ കേന്ദ്രമന്ത്രി വയലാർ രവി നിർവ്വഹിക്കും. ബാക്കി വീടുകളുടെ താക്കോൽദാനം ജൂബിലി സമാപന സമ്മേളനത്തിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവ നിർവ്വഹിക്കും. സാധുജന സംരക്ഷണ ഫണ്ടുകൾ മന്ത്രി എസ്.ശർമ്മ വിതരണം ചെയ്യും. ഇതര സഭാ മേലധ്യക്ഷന്മാരും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കും.

## ഓർത്തഡോക്സ് സഭയിലെ രണ്ട് ബിഷപ്പുമാർ ചേർന്ന് വിദേശിയെ മെത്രാപ്പോലീത്തയാക്കി

കോട്ടയം: ഓർത്തഡോക്സ് സഭയുടെ കണ്ടനാട് മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്തനാസ്യോസും തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തിയോസും ചേർന്ന് ജർമ്മൻ സ്വദേശിയായ റമ്പാനെ സേവേറിയോസ് മൂസ ഗുർഗാൻ എന്ന പേരിൽ മെത്രാപ്പോലീത്തയാക്കി. വാഴിക്കൽ ചടങ്ങ് കേരളത്തിലാണ് നടന്നതെങ്കിലും അത് എവിടെയാണെന്ന് ബന്ധപ്പെട്ടവർ വെളിപ്പെടുത്തിയിട്ടില്ല. വിദേശികളായ മൂന്നു റമ്പാന്മാർ കേരളത്തിൽ രണ്ടാഴ്ചയായി താമസിക്കുകയായിരുന്നു. ഇവരിൽ ഒരാളെയാണ് മെത്രാപ്പോലീത്തയായി വാഴിച്ചത്. സിറിയൻ ഓർത്തഡോക്സ് ആർച്ച് ഡയോസിസ് ഓഫ് യൂറോപ്പ് എന്ന പുതിയ സഭയ്ക്കുവേണ്ടിയായിരുന്നു മെത്രാഭിഷേകം. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഇങ്ങനെ മറ്റു സഭയ്ക്കുവേണ്ടി മെത്രാപ്പോലീത്താമാരെ വാഴിക്കുന്ന പതിവില്ല.

മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്ക ബാവായും നിയുക്ത ബാവായും സ്ഥലത്തുണ്ടായിരിക്കെയാണ് അവർ പങ്കെടുക്കാത്ത അഭിഷേകം നടന്നത്. സഭ ഉപയോഗിക്കുന്ന കാനോൻ അനുസരിച്ച് മൂന്ന് മെത്രാപ്പോലീത്തമാർ ചേർന്നേ മെത്രാഭിഷേകം നടത്താനാവൂ. മാത്രമല്ല, സഭയുടെ ഭരണഘടനയനുസരിച്ച് മലങ്കര അസോസിയേഷനാൽ തിരഞ്ഞെടുക്കപ്പെട്ടവരെ മാത്രമേ മെത്രാപ്പോലീത്താമാരായി വാഴിക്കാൻ സാധിക്കൂ. 1912-ൽ നിരണത്തുവച്ച് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മ്ശിഹാ ബാവയെക്കൊണ്ട് മുറിമറ്റം മാർ ഈവാനിയോസിനെ കാതോലിക്കയായി വാഴിച്ച ചരിത്രത്തിന്റെ ആവർത്തനമാണ് ഇപ്പോഴത്തെ സംഭവം. ആകമാന സുറിയാനി സഭയിൽ നേരത്തെ അംഗങ്ങളായിരുന്നു വിദേശികളായ മൂന്നു റമ്പാന്മാർ. ജർമ്മൻ ഇടവകാംഗങ്ങളായിരുന്ന ഇവർ നേതൃത്വവുമായുള്ള ഭിന്നതയാൽ അകന്നു നിൽക്കുകയായിരുന്നു. കീഴ്വഴക്കങ്ങൾ ലംഘിച്ച് ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്താമാർ മെത്രാഭിഷേകം നടത്തിയതിന്റെ ഉദ്ദേശ്യം വ്യക്തമല്ല. നേരത്തേ പാത്രിയർക്കീസ് വിഭാഗത്തിലായിരുന്ന ഇവർ പിന്നീട് ഓർത്തഡോക്സ് പക്ഷത്തിലേക്ക് എത്തുകയായിരുന്നു. ഡോ.തോമസ് മാർ അത്തനാസ്യോസുമായി ബന്ധപ്പെട്ടപ്പോൾ, വാഴിക്കൽ ചടങ്ങ് നടന്ന കാര്യം അദ്ദേഹം പരോക്ഷമായി സമ്മതിച്ചു. കൂടുതൽ അഭിപ്രായങ്ങൾ പറയാൻ കൂട്ടാക്കിയില്ല. ഇക്കാര്യത്തിലിപ്പോൾ അഭിപ്രായമൊന്നും പറയുന്നില്ലെന്നാണ് യൂഹാനോൻ മാർ മിലിത്തിയോസും പറഞ്ഞത്. ഈ വിഷയം ഓർത്തഡോക്സ് സഭയുടെ ആഭ്യന്തര പ്രശ്നമാണെന്നും അതിനാൽ അഭിപ്രായപ്രകടനം നടത്താൻ താല്പര്യമില്ലെന്നും യാക്കോബായ സഭാ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ പറഞ്ഞു. ഇക്കാര്യത്തിൽ പ്രതികരണത്തിനു വേണ്ടി ആവർത്തിച്ചു ശ്രമിച്ചെങ്കിലും ഓർത്തഡോക്സ് സഭാധികൃതരുമായി ആശയ വിനിമയത്തിന് കഴിഞ്ഞില്ല.

Editorial

# ഭസ്മാസുരനു വരം കൊടുത്തതുപോലെ

ഭസ്മാസുരനു വരം കൊടുത്തുപോലെയായി മൂവാറ്റുപുഴ അത്താനാസ്യോസിനും തൃശൂർ മിലിത്തിയോസിനും മെത്രാപ്പോലീത്താ സ്ഥാനം നല്കിയത്. മൂകാസുരൻ തപസ്സിരുന്ന് ശിവനിൽനിന്ന് വരം വാങ്ങി. താൻ ശിരസ്സിൽ തൊടുന്നവർ എല്ലാം ഭസ്മമായി പോകണം. നീണ്ട നാളത്തെ കഠിന തപസിനും തപചര്യയ്ക്കും ശേഷം ഗത്യന്തരമില്ലാതെ ശിവൻ വരം നല്കി. പിന്നീടാണ് അബദ്ധം മനസ്സിലായത്. വരം നല്കിയ ശിവന്റെ തലയിൽ കൈവച്ച് ഭസ്മമാക്കാൻ ഭസ്മാസുരൻ ശ്രമമായി. അസുരനിൽനിന്ന് ഓടി ഓടി ഒളിഞ്ഞു മാറി നടന്ന ശിവൻ ഒടുവിൽ ഗത്യന്തരമില്ലാതെ വിഷ്ണുവിനെ ശരണം പ്രാപിച്ചു. വിഷ്ണു മോഹിനി വേഷം ധരിച്ചാണ് ഭസ്മാസുരനെ നശിപ്പിച്ചത്.

ശ്രേഷ്ഠ കാതോലിക്കാ ബാവായോടൊപ്പം നിന്ന് വളർന്ന് പരി. പാത്രയർക്കീസ് ബാവ ലക്ഷക്കണക്കിന് ഡോളർ സ്കോളർഷിപ്പ് അനുവദിച്ച് പഠിപ്പിച്ച് ദമാസ്കസിലെ സിറിയൻ ഓർത്തഡോക്സ് വൈദിക കോളജിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി നിയമിച്ച് ഒടുവിൽ മെത്രാപ്പോലീത്താ പട്ടവും നല്കി ഇവിടേക്കു വിട്ട മിലിത്തിയോസും പിതാവിനോടുള്ള താല്പര്യകൂടുതലിനാൽ പ്രായക്കുറവിലും വൈദീക സേവന പാരമ്പര്യമില്ലാഞ്ഞിട്ടും ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവ ഒരാഴ്ചകൊണ്ട് കശ്ശീശ്ശയും റമ്പാനും മെത്രാപ്പോലീത്തായായും ആക്കിയ അത്താനാസ്യോസും ഇരുവർക്കും പട്ടം കിട്ടിയത് സഭ പിളർന്നതിനാലാണ്. അല്ലെങ്കിൽ മറ്റു പലതുമാകേണ്ടവർ മെത്രാപ്പോലീത്തായായിക്കഴിഞ്ഞപ്പോൾ സഭാ പിളർപ്പിനു കാരണം പ. പാത്രിയർക്കീസ് ബാവായാണെന്നും പിളർപ്പ് തെറ്റായിപ്പോയെന്നും സഭ യോജിക്കണമെന്നും ആവശ്യമുന്നയിച്ചു തുടങ്ങി. കൂടാതെ പരി. പാത്രിയർക്കീസ് ബാവായെ എങ്ങനെയൊക്കെ താറടിച്ചു കാണിക്കാമോ അങ്ങനെയെല്ലാം ചെയ്തുകൊണ്ടിരുന്നു.

അത്താനാസ്യോസിനു പട്ടം നല്കിയ നിരുപദ്രവകാരിയായ പച്ച പാവമായ പരിശുദ്ധനായ കാലം ചെയ്ത ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കായെ അദ്ദേഹത്തിന്റെ ആസ്ഥാനത്തുനിന്നും അത്താനാസ്യോസ് പീഡിപ്പിച്ച് പിറമാടത്തേക്ക് ഓടിപ്പിച്ച് കണ്ണീരു കുടിപ്പിച്ച് ഹൃദയം പൊട്ടി കാലം ചെയ്യിച്ചു.

സഭയ്ക്കകത്ത് സിൻഡിക്കേറ്റുണ്ടാക്കി മുതിർന്ന മെത്രാപ്പോലീത്താമാർക്കെതിരെ പടവാളുയർത്തി. അന്ന് സീനിയർ മെത്രാപ്പോലീത്താ തോമസ് മാർ ദിവന്നാസ്യോസിനെ സഭയുടെ മുഖ്യധാരയിലേക്ക് തിരിച്ചു കൊണ്ടുവരാൻ സഭയുടെ നേതൃത്വത്തിലേറ്റി അന്തോഖ്യാ മലങ്കരബന്ധം ശക്തിപ്പെടുത്താൻ പ്രാപ്തൻ മാർ ദിവന്നാസ്യോസാണെന്ന ഉറച്ച വിശ്വാസത്തിന്റെയും വെളിച്ചത്തിലാണ് യാക്കൂബ്യനും ഈ ലേഖകനും, സഖറിയാ അച്ചനും രാപകലില്ലാതെ പ്രയത്നിച്ച് ലേഖനങ്ങളെഴുതിയും പത്രങ്ങളിൽ പ്രസ്താവനകൾ നൽകിയും കൊച്ചുമെത്രാന്മാരുടെ ദുഷിച്ച പ്രവർത്തനങ്ങൾക്കും വിമത പരിപാടികൾക്കുമെതിരെ ഓടി നടന്നു പ്രവർത്തിച്ചു. ഞങ്ങളുടെ നിലപാടുകൾക്കെതിരെ ഫോണിലൂടെയും കത്തുകളിലൂടെയും പല പ്രസിദ്ധീകരണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും സഭയിലെ ഒരു ന്യൂനപക്ഷം പ്രതികരിച്ചെങ്കിലും 2002 വരെ നിലപാടിൽ മാറ്റം വരുത്തിയില്ല. 2002 നുശേഷം വിമതന്മാരുടെ പ്രസക്തി നഷ്ടപ്പെട്ടതിനാലാണ് മാസികയുടെ താളുകൾ പിന്നീട് നഷ്ടപ്പെടുത്താതിരുന്നത്. എന്തായാലും അന്നത്തെ നിലപാട് ശരിയായിരുന്നെന്നും മിലിത്തിയോസും അത്തനാസ്യോസും ധിക്കാരികളും അഹങ്കാരികളും ആർക്കും കീഴ്പെട്ടു ജീവിക്കാത്തവരുമാണെന്നുമുള്ള അന്നത്തെ ഞങ്ങളുടെ നിഗമനങ്ങൾ നൂറു ശതമാനവും ഇപ്പോൾ ശരിയായി വന്നിരിക്കയാണ്. വരം നൽകിയവരെ ഭസ്മമാക്കാനുള്ള ശ്രമം ഫലിക്കാതെ വന്നപ്പോൾ മാത്യൂസ് ദ്വിതീയൻ കാതോലിക്കായോടൊപ്പം ചേർന്ന് പാത്രിയർക്കാ വിഭാഗത്തിനെതിരെ കേസു കൊടുത്തും അരമനകൾ നിയമവിരുദ്ധമായി കൈയടക്കി വെച്ചും പോന്നെങ്കിലും യാക്കോബായ സഭക്ക് ഒരു പോറൽ പോലും ഏല്പിക്കാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല സഭ വളർന്നു കൊണ്ടിരിക്കുന്നു.

എന്നാൽ മിലിത്തിയോസ് - അത്തനാസ്യോസ് ഇവർക്ക് സ്ഥിതിയോ ഓർത്തഡോക്സ് സഭയിൽ കറിവേപ്പിലയുടെ സ്ഥാനം പോലും ലഭിക്കാതെ അവർക്ക് കല്ലുകടിച്ചതുപോലെയായി. ഇതു മനസ്സിലാക്കിയ ഇവർ ഇപ്പോൾ പുത്തൻ സഭയുണ്ടാക്കി പ്രവർത്തിക്കുവാൻ തീരുമാനിച്ചു. മിലിത്തിയോസിനു സിറിയയിലെ സിമിനാരിയിൽ വെച്ചു ലഭിച്ച സൗഹൃദവും അത്തനാസ്യോസിനു ജർമ്മനിയിലുള്ള മറ്റു ബന്ധവും മുതലാക്കി സുറിയാനിസഭ നേതൃത്വവുമായി ഇടഞ്ഞു നിന്ന റമ്പാന് കാനോനും ഭരണഘടനയും സഭാ കീഴ്‌വഴക്കവും ലംഘിച്ച് മോക്ക് ബിഷപ്പ് വാഴ്ച നത്തി. അർക്കദിയോക്കൻ പട്ടം നൽകിയപ്പോൾ പോലും പന്ത്രണ്ട് അച്ചന്മാരുണ്ടായിരുന്നു. ഇതോ ഏതോ അജ്ഞാത കേന്ദ്രത്തിൽ വെച്ച് രണ്ടു മെത്രാന്മാരും ഏഴു വൈദീകരും ചേർന്ന് മെത്രാപ്പോലീത്തയാക്കിയതായി പറയുന്നു. കൊടുത്തവർ മോഡേണായതുകൊണ്ട് പട്ടം കൊടയും മോഡേണാക്കി. മുട്ടിന്മേൽ നിർത്തുന്നതിനു പകരം കസേരയിലിരുത്തിയാണ് ശുശ്രൂഷകൾ നടത്തിയത്. അപ്പന്റെ തലയിൽ ക്ഷൗരം ചെയ്ത് പഠിച്ചവർക്ക് ആരുടെ തലയും ക്ഷൗരം ചെയ്യുന്നതിനു ബുദ്ധിമുട്ടില്ലല്ലോ. മൂന്നു മെത്രാന്മാർക്കു പകരം ഇവർക്ക് രണ്ടായാലും മതി. കെ.പി.യോഹന്നാനു പട്ടം കൊടുക്കാൻ പോലും അഞ്ച് ബിഷപ്പുമാരുണ്ടായിരുന്നു. ഈ രണ്ടു മെത്രാന്മാരെയും പരി. പാത്രിയർക്കീസ് ബാവ ആത്മീയവും മതപരവുമായ കാര്യങ്ങളിൽ നിന്ന് വിലക്കിയിട്ടുള്ളവരുമാണ്.

അത്തനാസ്യോസ് ആദ്യം പങ്കെടുക്കില്ലെന്നു പറഞ്ഞെങ്കിലും മർമ്മം അറിയാവുന്ന മിലിത്തിയോസ് മർമ്മത്തടിച്ചു. Syrian Orthodox church of Europe ഉണ്ടാക്കി, ആസ്ഥാനമായ ജർമ്മനിയിൽ പാത്രിയർക്കീസായി ഇരുത്താമെന്ന വാഗ്ദാനത്തിൽ കുടുങ്ങി, ജർമ്മനിയിൽ കഴിയണമെന്ന തന്റെ ചിരകാല അഭിലാഷം നിറവേറ്റുന്നതിനും ജർമ്മൻകാരുമായുള്ള ബന്ധം തുടർന്നു പോകുന്നതിനും അതു സഹായകമാകുമെന്ന കണക്കു കൂട്ടലിലാണ് അദ്ദേഹം ഇതിനു സമ്മതിച്ചതെന്ന തൊട്ടടുത്ത വൃത്തങ്ങൾ പറയുന്നത്. കാതോലിക്കായാകാൻ പറ്റിയില്ലെങ്കിലും വാഴ്ച നടത്തി പഠിക്കാമല്ലോ. ശൽമൂസാ ധിക്കരിച്ചു പ്രവർത്തിക്കുന്നവൻ. ശൽമൂസാ എഴുതി വാങ്ങിയെന്നു പത്രത്തിൽ കണ്ടപ്പോൾ ചിരിവന്നു. ആരാണാവോ സ്ഥാത്തിക്കോൻ കൊടുത്തത് എന്നുകൂടി അറിഞ്ഞാൽ കൊള്ളാം.

എന്തായാലും ഒരു സഭയിലെ മെത്രാന്മാരായി ഇരുന്നുകൊണ്ട് സഭയുടെ അനുമതി കൂടാതെ മറ്റൊരു സഭയുണ്ടാക്കി സഭയുടെ കാനോനും ഭരണഘടനക്കും വിരുദ്ധമായി മെത്രാനെ വാഴിച്ചതിൽ എന്താണ് ഓർത്തഡോക്സ് സഭയുടെ പ്രതികരണമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ഇത് അച്ചടക്ക ലംഘനമാണോ? നിശബ്ദ അനുമതിയുണ്ടായിരുന്നോ? ഈ മെത്രാന്മാർ തങ്ങളുടെ പരിധിക്കു പുറത്താണോ? ഇതൊക്കെ അറിയാൻ മറ്റു സഭാംഗങ്ങൾക്കും അവകാശമുണ്ട്.സഭകളുടെ കെട്ടുറപ്പും പരസ്പരബന്ധങ്ങളും നഷ്ടപ്പെടുത്തുന്ന നടപടികളിൽ ഓർത്തഡോക്സ് സഭയ്ക്ക് ഉത്ക്കണ്ഠയുണ്ടോ? കാതോലിക്കാ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തെ ധിക്കരിച്ച് അകാനോനികമായി പട്ടം നൽകാൻ ഇവർക്ക് എന്തധികാരമാണുള്ളത്? ണഇഇ, ചഇഇ ഇവയിൽ അംഗമായിരുന്നുകൊണ്ട് ഓർത്തഡോക്സ് സഭയിലെ രണ്ടുമെത്രാൻമാർ നടത്തിയ ഹീനമായ പ്രവർത്തിക്ക് എന്താണ് നടപടി? പാത്രിയർക്കീസിനും കാതോലിക്കായിക്കും മാത്രമുള്ള അധികാരം പ്രയോഗിക്കാൻ ഇവർക്ക് ആരാണ് അനുവാദം നല്കിയത്. ഇത് ഗുരുതരമായ സഭാവിരുദ്ധ പ്രവർത്തനമല്ലേ?

ഏറ്റവും രസകരം ഈ മെത്രാന്മാർ പ്രസംഗിക്കുന്നതും കോടതിയിൽ തങ്ങളുടെ കേസിൽ എഴുതിക്കൊടുത്തിരിക്കുന്നതും മലങ്കരസഭാ ഭാരവാഹികൾ 1934-ലെ ഭരണഘടന അംഗീകരിച്ച് പ്രവർത്തിക്കണം എന്ന സുപ്രീംകോടതി വിധി അംഗീകരിച്ചാണ് 1934ലെ ഭരണഘടന സത്യപ്രതിജ്ഞ ചെയ്തതും. കാതോലിക്കായുടെ കീഴിലായതെന്നുമാണ് ഇങ്ങനെ സത്യവാങ് മൂലം നൽകിയവർ അതേ ഭരണഘടന ലംഘിച്ചിരിക്കയാണ്.

പ. പാത്രിയർക്കീസ് ബാവ മലങ്കരയിലെ ഭരണത്തിൽ നിയമവിരുദ്ധമായി പ്രവർത്തിച്ചെന്നു പറഞ്ഞവർ പാത്രിയർക്കീസ് ബാവയുടെ അധികാരത്തിൽ കൈകടത്തിയിരിക്കയാണ്. ഓർത്തഡോക്സ് സഭയ്ക്കും ഇതിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. കാരണം സുപ്രീംകോടതി പറഞ്ഞതും നരിമാൻ കോടതിയിൽ വാദിച്ചതും 1964ൽ പ. പാത്രിയർക്കീസ്ബാവ കാതോലിക്കായുടെ അധികാരാതിർത്തി നിശ്ചയിച്ചിട്ടുണ്ടെന്നാണ് ഇപ്പോൾ ഓർത്തഡോക്സ്സഭ പരിധിവിട്ട് പ. പാത്രിയർക്കീസ്ബാവയുടെ നേരിട്ടുള്ള ഭരണാതിർത്തിയിൽ കടന്നുകയറി നിയമവിരുദ്ധമായി പട്ടം നൽകിയിരിക്കയാണ്.

തുർക്കി വംശജനും ജർമ്മൻ പൗരനുമായ ഒരു റമ്പാനെ അകാനോനികമായി സ്ഥാനവസ്ത്രങ്ങൾ ചിഹ്നം അണിയിച്ചതുകൊണ്ട് സുറിയാനിസഭ നശിച്ചുപോകുമെന്ന് ആരെങ്കിലും ധരിച്ചാൽ അവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ്. റമ്പാനു മഹാപൗരോഹിത്യ നൽവരം ലഭിച്ചെന്നു വിശ്വസിക്കുന്നുമില്ല. ഇരുപതു നൂറ്റാണ്ടുകൾ കണ്ണിലെ കൃഷ്ണമണിപോലെ സുറിയാനി സഭയേയും അതിന്റെ പാരമ്പര്യത്തേയും കാത്തു സൂക്ഷിച്ച ദൈവം ഇനിയും ഈ സഭയെ കാത്തുപരിപാലിക്കും. നിലാവുകണ്ട് കുറുക്കനു ഓലിയിടുന്നതിനു ആരും തടസ്സമാകില്ല. ഇരുത്തേണ്ടവരെ ഇരുത്തേണ്ടിടത്തിരുത്താതിരുന്നതാണ് ഇന്ത്യൻ ഓർത്തഡോക്സ് സഭക്കു പറ്റിയ പിഴവ്. അപ്പനെ തോല്പിക്കാൻ സഹോദരിയെ ആരും ഭാര്യയാക്കാറില്ല. വയറു വിശന്നാലും അമ്മയെ വിൽക്കാറുമില്ല. തുർക്കിക്കാരനാണെന്നു പറഞ്ഞ് പോൾ റമ്പാന്റെ വിസ ക്യാൻസൽ ചെയ്യിച്ചവരാണിവർ.

ഈ നിയമവിരുദ്ധവും അകാനോനികവും അദ്ധ്യാത്മീകമായി സാധുതയില്ലാത്തതുമായ വാഴ്ച നടത്തിയതിനു മലങ്കര എപ്പിസ്കോപ്പൽ സിനഡിൽ മെത്രാന്മാർ മാപ്പു പറഞ്ഞെന്നും സിനഡ് അതംഗീകരിച്ചെന്നുമുള്ള സിനഡിന്റെ പത്രക്കുറിപ്പ് ശുദ്ധ അസംബന്ധമാണെന്നും തങ്ങൾ ഖേദപ്രകടനം നടത്തിയില്ലെന്നും ആഗസ്റ്റിലെ മലങ്കര സിനഡ് യോഗം ഏകകണ്ഠമായെടുത്ത തീരുമാനമനുസരിച്ചാണ് തങ്ങൾപ്രവർത്തിച്ചതെന്നുമാണ് അത്താനാസ്യോസും മിലിത്തിയോസും പത്രപ്രസ്താവന നടത്തിയിരിക്കുന്നത് ശരിയാണെങ്കിൽ ഓർത്തഡോക്സ് സഭ മര്യാദകളുടെ സീമ ലംഘിച്ചിരിക്കുകയാണ്. അല്ലെങ്കിൽതന്നെ ഖേദപ്രകടനത്തിൽ ഒതുക്കാവുന്ന തെറ്റല്ല അവർ ചെയ്തിരിക്കുന്നത്. സഭകൾ പരസ്പരം ഇടഞ്ഞു നിൽക്കുന്നവർക്കെല്ലാം പണസമ്പാദനത്തിനായി പട്ടം നൽകിയാൽ മെത്രാന്മാരെ മുട്ടി വഴിനടക്കാൻ വയ്യാതാകും. അന്തസില്ലാത്ത പ്രവർത്തികളാണ് ഇന്ത്യൻ ഓർത്തഡോക്സ് സഭ നടത്തിക്കൊണ്ടിരിക്കുന്നത്. 1912 ആവർത്തിക്കുകയാണ്.

ചുമന്നാൽ ചുമക്കുന്നവനേയും നാറും പരി. പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള പൗരസ്ത്യ സുവിശേഷ സമാജത്തിനു കടവിൽ തിരുമേനിയെ വാഴിച്ചതിനു ഒ.എസ്.4/74 ആയും കിഴക്കൊക്കേയും മേൽ അധികാരമുള്ള മെത്രാന്മാരെ വാഴിക്കാൻ അവകാശമുള്ള പാത്രിയർക്കീസ് പൊതുവിനുവേണ്ടി (തീബേൽ) മാർ ദീവന്നാസ്യോസിനേയും മാർ ഗ്രീഗോറിയോസിനെയും വാഴിച്ചതിനു ഒ.എസ്.7/74 നമ്പരായും കോട്ടയം കോടതിയിൽ കേസ് കൊടുത്തവരാണ് ഇന്ത്യൻ ഓർത്തഡോക്സ് നേതൃത്വം.

എഡിറ്റർ



**ധ്യാനപംക്തി**

# യോഹന്നാൻ സ്നാപകന്റെ ജനനത്തിന്റെ ഓർമ്മ



**ലൂ:1:57-80; മത്തായി 11:11-19**

യോഹന്നാൻ വചനത്തിനു മുമ്പു പുറപ്പെട്ട ശബ്ദമായി വചനം ജഡമെടുക്കുന്നതിനു ആറു മാസം മുമ്പേ യോഹന്നാൻ ഭൂജാതം ചെയ്തു.അവൻ കർത്താവിന്റെ മുന്നോടിയായി പ്രസംഗകനായി വന്നു.അനുതാപത്തേക്കുറിച്ച് പ്രസംഗിച്ചു,അനുതാപത്തിന്റെ മാമോദീസായും മുക്കി.കർത്താവിന്റെ മുന്നോടീയെന്ന് അവന് പേരായി. ഏലീശ്ബാ അവനെ പ്രസവിച്ചിട്ട് എട്ടു ദിവസങ്ങൾ കഴിഞ്ഞു ന്യായപ്രമാണപ്രകാരം ചേലാകർമ്മം കഴിപ്പാൻ ഭാവിച്ചു.അപ്പോഴാണ് പേർ വിളിക്കുന്നതും. അവന്റെ അമ്മയോടു ചോദിച്ചപ്പോൾ അവന് യോഹന്നാൻ എന്ന് പേരിടണം എന്നു പറഞ്ഞെങ്കിലും. എന്നാൽ അവരുടെ വംശത്തിൽ ആർക്കും ആ പേരില്ലാത്തതുകൊണ്ട് എല്ലാവരും സംശയിച്ചു. അവന്റെ പിതാവായ സ്കറിയായോടു ചോദിക്കാമെന്നു വച്ച് ആംഗ്യം കാണിച്ചു. അവൻ ഒരു എഴുത്തു പലക ചോദിച്ചു. അതിൽ യോഹന്നാൻ എന്ന് എഴുതുകയും പറയുകയും ചെയ്തു. അതോടുകൂടി സ്കറിയായുടെ നാവിന്റെ ബന്ധം അഴിഞ്ഞു. എല്ലാവർക്കും അത്ഭുതവും, സന്തോഷവും ഭയവുമുണ്ടായി. ഈ പൈതൽ എന്തായിത്തീരും?. എന്ന് അവർ തമ്മിൽ പറഞ്ഞു തുടങ്ങി.

അവൻ പൈതൽപ്രായം മുതലേ വ്രതനായി ജീവിച്ചു. വീഞ്ഞു കുടിക്കാതെയും, മാംസം ഭക്ഷിക്കാതെയും , വെട്ടുക്കിളി എന്നു പറയപ്പെടുന്ന കാട്ടു കിഴങ്ങും, കാട്ടുതേനും ഭക്ഷിച്ചും ജീവിച്ചു. അവൻ വനത്തിൽ ജീവിച്ചുപോന്നു. രോമം കത്രിക്കാതെ ജടയും മുടിയും വളർത്തി അവിവാഹിതനായി സന്യാസിയായി ജീവിച്ചു. അവൻ ഒട്ടകരോമം കൊണ്ടുള്ള പരുപരുത്ത വസ്ത്രവും അരയിൽ തോൽവാറും ധരിച്ചിരുന്നു.

ആ കാലത്ത് യഹൂദന്മാരിൽ കുറേപ്പേർ ഭക്തി മൂലം വനപ്രദേശങ്ങളിൽ പോയി എസ്സീൻ എന്ന സംഘം രൂപീകരിച്ച് താമസിച്ചിരുന്നതായും യോഹന്നാനും അവരുടെ കൂടെ ദീർഘകാലം താമസിച്ചിരുന്നുയെന്നും അവർ വളരെ ഭക്തിയിലും വിശുദ്ധിയിലും, എപ്പോഴും പ്രാർത്ഥനയും, ആരാധനയുമായി കഴിഞ്ഞിരുന്നുയെന്നും അവർക്ക് സ്നാനവും ശുചീകരണവും പ്രധാനമായിരുന്നുവത്രെ.

യോഹന്നാൻ പഴയ നിയമത്തിനും പുതിയ നിയമത്തിനുമിടയ്ക്കുള്ള വാതിലായിരുന്നു. അവൻ നോമ്പുകാരനും പ്രവാചകന്മാരിൽ അവസാനത്തേവനുമായിരുന്നു. അവൻ കർത്താവിനെ സാക്ഷിപ്പാൻ വന്നു. സ്ത്രീകളിൽ നിന്നും ജനിച്ച മനുഷ്യരിൽ യോഹന്നാൻ മാംദാനായേക്കാൾ വലിയവനായ ഒരു മനുഷ്യൻ വേറെ ഉണ്ടായിട്ടില്ല എന്ന് കർത്താവുതന്നെ സാക്ഷിക്കുന്നു.

അനുതപിപ്പീൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലിടപ്പെടും. വൃക്ഷത്തിന്റെ ചുവട്ടിൽ കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു എന്ന് യോഹന്നാൻ വിളിച്ചു പറഞ്ഞു. പലരും കേട്ടനുതപിച്ചു യോർദ്ദാനിൽ യോഹന്നാന്റെ മുമ്പാകെ വന്ന് തങ്ങളുടെ ലംഘനങ്ങളും പാപങ്ങളും ഏറ്റു പറഞ്ഞു സ്നാനമേറ്റു.

ഞാൻ നിങ്ങളെ വെള്ളം കൊണ്ട് മാമോദിസാ മുക്കുന്നു, എന്നാൽ എന്റെ പിന്നാലെ വരുന്നവൻ എന്നേക്കാൾ വലിയവനാകുന്നു. അവൻ നിങ്ങളെ അഗ്നികൊണ്ടും ആത്മാവുകൊണ്ടും മാമോദിസാ മുക്കും. അവന്റെ ചെരുപ്പിന്റെ വാറഴിപ്പാൻ ഞാൻ യോഗ്യനല്ല. എന്ന് കർത്താവിനെക്കുറിച്ച് അവൻ സാക്ഷ്യം പറഞ്ഞു. യോഹന്നാനും അവന്റെ ശിഷ്യന്മാരും നോമ്പുകാരും ഉപവാസക്കാരുമായിരുന്നു. കർത്താവിനെ സ്നാനപ്പെടുത്തുവാനുള്ള ഭാഗ്യം യോഹന്നാനുണ്ടായി. അവൻ മാതാവിന്റെ ഉദരം മുതലേ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു തുള്ളിയവനാണ്.

യോഹന്നാൻ വളരെ ഉൽകൃഷ്ട പാരമ്പര്യത്തിന്റെ ഉടമയാണ്. വാർദ്ധക്യം ഭക്തി, നോമ്പ് പ്രാർത്ഥനാ ജീവിതം ഇവകൊണ്ട് പക്വതയും പാകതയും വന്ന മാതാപിതാക്കളിൽ നിന്നാണ് യോഹന്നാന്റെ ജനനം. സ്വാഭാവികമായും അവൻ ഭക്തനും മതതീക്ഷ്ണതയുള്ളവനും വ്രതനിഷ്ഠയുള്ളവനുമായി വളർന്നു. ചരിത്രപ്രധാനമായ ആ സംഭവത്തെ അനുസ്മരിക്കുന്ന ഈ ഞായറാഴ്ച ആ വിശുദ്ധന്റെ ജീവിതമാതൃക നമ്മളുടെ ജീവിതത്തിനു വ്യത്യാസം വരുത്താൻ സഹായിക്കട്ടെ. അവന്റെ നോമ്പും, നിഷ്ഠയും, വൈരാഗ്യവും നമ്മുടെ ജീവിതത്തിലേക്കു പകർത്താം. അവന്റെ പ്രാർത്ഥനകളാൽ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

## യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച

**യോഹ:6:30-46; മത്തായി 1;18-25**

ദാവിദ് വംശജനായ യൗസേഫിന് മറിയാം വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്നു. പറഞ്ഞൊപ്പും മോതിരം വാഴ്‌വും കഴിഞ്ഞാൽ മണവാളൻ മണവാളന്റെ വീട്ടിലും, മണവാട്ടി മണവാട്ടിയുടെ വീട്ടിലും പോയി പാർക്കുകയെന്നതാണു് അവിടത്തെ ദേശീയ ആചാരം. മറിയാമാകട്ടെ മാതാപിതാക്കൾ മരിച്ചുപോയവളായിരുന്നതിനാൽ പള്ളിയിൽ വളർത്തപ്പെട്ടവളാണു്.അവൾ കൗമാരത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് പറഞ്ഞൊപ്പു കഴിപ്പിച്ച് അവളെ ഒരു പുരുഷന്റെ വീട്ടിലേക്കയക്കാമെന്നു് കരുതിയാണു് പറഞ്ഞൊപ്പ് ബാല്യത്തിലെ കഴിച്ചതു്. പറഞ്ഞൊപ്പു കഴിപ്പിച്ച് യൗസേഫിന്റെ കൂടെ അവളെ അയച്ചു. ആദ്യം യൗസേഫ് അതിന് വിസമ്മതിച്ചുയെങ്കിലും ആചാര്യന്മാരുടെ നിർബന്ധത്തിനു വഴങ്ങി അനുസരിക്കയായിരുന്നു. യൗസേഫ് മുമ്പു വിവാഹം ചെയ്തിട്ടു ഭാര്യ മരിച്ചുപോയവനും പ്രായപൂർത്തിയായ മക്കളുള്ളവനും, യുവത്വം കഴിഞ്ഞവനുമായിരുന്നുയെന്നു് ദൈവാതാവിന്റെ ജീവചരിത്രത്തിൽ കാണുന്നു. അയാൾ ഭക്തനും നീതിമാനും, പ്രായം മൂലം പരിപാകതയിലെത്തിയവനുമായിരുന്നു.പറഞ്ഞൊപ്പു കഴിഞ്ഞിട്ടു മുടി വാഴ്‌വ് കഴിയുന്നതു വരെ ഭാര്യയെന്നും ഭർത്താവെന്നും പറയുമെങ്കിലും അവർ തമ്മിൽ സ്പർശിക്കാൻ പോലും അനുവാദമില്ല. യൗസേഫ് വിശ്വസ്തനും നീതിമാനുമായിരുന്നതിനാൽ ആ സദാചാരങ്ങൾ പാലിക്കതന്നെ ചെയ്തു.

പറഞ്ഞൊപ്പു കഴിഞ്ഞവർ തമ്മിലല്ലാതെ വിവാഹം കഴിച്ചു കൂടാത്തതിനാലും അവർ തമ്മിൽ വിവാഹം ചെയ്യുമെന്നു് . ഉറപ്പുള്ളതിനാലുമാണു് അവരേക്കുറിച്ചു ഭാര്യയെന്നും ഭർത്താവെന്നും പറയുന്നത്. ഭാര്യയെന്നു സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതിനാൽ യൗസേഫ് അവളെ വിവാഹം ചെയ്തിരുന്നുയെന്നു അനുമാനിക്കുന്നതു് തെറ്റാണ്,

വിവാഹം നിശ്ചയിക്കപ്പെടുക മാത്രം ചെയ്തിട്ടുള്ള ഒരുവൾ ഗർഭിണിയായി. അതുകൊണ്ടാണല്ലോ യൗസേഫ് അവളെ ഉപേക്ഷിക്കാൻ ആലോചിച്ചത്. ദാവീദു വംശജയും. തന്നെപ്പോലെ തന്നെ ശ്രേഷ്ഠകുല ജാതയായ അവളെ പരസ്യമായി പിരിച്ചയച്ചു അപമാനിക്കയും ദു:ഖിപ്പിക്കയും ചെയ്യണ്ടല്ലോ എന്നോർത്താണ് യൗസേഫ് അവളെ രഹസ്യമായി പിരിച്ചയയ്ക്കാൻ ശ്രമിച്ചതു്.

അങ്ങിനെയിരിക്കെ സ്വപനത്തിൽ ദൈവദൂതൻ യൗസേഫിനു പ്രത്യക്ഷനായി. നിന്റെ ഭാര്യയായ മറിയാമിനെ കൂട്ടത്തിൽ താമസിപ്പിക്കുവാൻ നീ സംശയിക്കേണ്ടാ, അവൾ ഗർഭിണിയായിരിക്കുന്നതു് പരിശുദ്ധാത്മാവിനാലാണ് എന്ന് പറഞ്ഞു ധൈര്യപ്പെടുത്തി. അപ്പോളാണ് അയാളുടെ ഭയവും സംശയവും തീർന്നതു്. അവൾ അവളുടെ ആദ്യജാതനെ പ്രസവിക്കുന്നതു വരെ അവൻ അവളെ പരിഗ്രഹിച്ചില്ല എന്ന് സുവിശേഷകൻ നമുക്ക് ഉറപ്പു തരുന്നു, സാമൂഹ്യ നീതിപ്രകാരം വിശ്വസ്തനും നീതിമാനുമായ ഒരുത്തൻ ചെയ്യുമെന്ന് സ്വാഭാവികമായി പ്രതീക്ഷിക്കാവുന്ന ഒരു കാര്യം മാത്രമായിരുന്നു,

### ദൈവീക സന്ദേശങ്ങൾ

ദൈവം മാലാഖമാർ വഴിയായും, ദർശനങ്ങൾ വഴിയായും,സ്വപ്നങ്ങൾ വഴിയായും, അശരീരികൾ വഴിയായും, പ്രവാചകന്മാർ വഴിയായും ലോകത്തെ തന്റെ സന്ദേശങ്ങൾ അറിയിച്ചുകൊണ്ടിരിക്കും. അവസാനം തന്റെ പുത്രൻ വഴിയായും, അവന്റെ അപ്പോസ്ഥോലന്മാരും അറിയിപ്പുകാരും വഴിയായും, പെന്തിക്കോസ്തി മുതൽ തന്റെ വിശുദ്ധാത്മാവു വഴിയായും ദൂതുകൾ അറിയിച്ചു.

നിശബ്ദമായ ശബ്ദത്തിൽ ആന്തരീക ചെവികളാൽ മാത്രം കേൾക്കാവുന്ന ഹൃദയത്തിന്റെ അന്തർഭാഗത്തു ലഭിക്കുന്ന പ്രേരണകൾ വഴിയായും ദൈവം പലപ്പോഴും നമ്മോടും സംസാരിക്കുന്നു. ദൈവത്തെ കേൾക്കുന്നവൻ ഭാഗ്യവാൻ. ദൈവത്തെ കേട്ടാലും തിരിച്ചറിയാത്തവന് കഷ്ടം.യോഹന്നാൻ കർത്താവിനെ സ്നാനപ്പെടുത്തിയപ്പോൾ ഇവൻ എന്റെ പ്രിയപുത്രൻ എന്നിത്യാദി ഒരു ശബ്ദമുണ്ടായി. യോഹന്നാൻ സ്പഷ്ടമായി കേട്ടു. കേട്ടുനിന്നവർ തിരിച്ചറിഞ്ഞില്ല.അവർ ഇടിമുഴക്കമുണ്ടായി എന്നു പറഞ്ഞു.ദൈവത്തെ കേട്ടു തിരിച്ചറിഞ്ഞാലും പോരാ ദൈവീക നിർദ്ദേശമനുസരിക്കയും വേണം.എന്നാലേ ഭാഗ്യവാന്മാരാകയുള്ളു. ദൈവത്തേ കേട്ടു തിരിച്ചറിഞ്ഞ് അനുസരിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നു. ദൈവ തിരു നാമ മഹത്വമുണ്ടാകുന്നു.

നമ്മൾ ദൈവത്തെ കേൾപ്പാൻ കാത്തിരിപ്പും മനസ്സൊരുക്കവു മുള്ളവരായിരിക്കണം. കേട്ടാൽ തിരിച്ചറിഞ്ഞ് ദൈവത്തെ അനുസരിക്കണം. യൗസേഫ് അനുസരിച്ചു.ഒരു കയ്പായ ഗുളികപോലെയാണ് പലപ്പൊഴും അതു നമുക്ക് ആദ്യം തോന്നുക,പിന്നീടതു് മധുരമായിത്തീരും. അങ്ങനെ ദൈവതിരുനാമം നമ്മളിൽ മഹത്വപ്പെടുവാനിടയാകട്ടെ,

## ജനനപ്പെരുന്നാളിനു മുമ്പുള്ള ഞായറാഴ്ച

മത്തായി 1:11-17; ലൂ: 3:23-38

ഈ ഞായറാഴ്ചത്തെ നമ്മുടെ ഏവൻഗേലിവായന: വംശാവലിയേക്കുറിച്ചാണ്.ആദാം മുതൽ

കർത്താവായ യേശുവരേയുള്ള വംശാവലി ഇട മുറിയാതെ ഇവിടെ നൽകപ്പെട്ടിരിക്കുന്നുയെന്നു വിചാരിപ്പാൻ തരമില്ല.വംശാവലിപ്പട്ടികയിൽ ഉൾപ്പെടുത്താൻ അയോഗ്യരെന്നോ ദൈവത്തിന്റെ പുസ്തകത്തിൽ പേരെഴുതപ്പെടാത്തവരെന്നോ സുവിശേഷകർത്താക്കൾക്കു തോന്നിയവരുടെ പേരുകൾ വിട്ടുകളഞ്ഞാണ് ഈ പട്ടികയെഴുതപ്പെട്ടിരിക്കുന്നതെന്ന് വേദശാസ്ത്ര പണ്ഡിതന്മാർ പറയുന്നുണ്ട്.

വ്യക്തിക്കും വ്യക്തിത്വത്തിനുമാണ് മാഹാത്മ്യം, പാരമ്പര്യത്തിനും വംശാവലിയ്ക്കും യാതൊരു വിലയുമില്ലായെന്നു പറയുന്നവരുണ്ട് പൂർവ്വീക്മാർ പുണ്യവാന്മാരായിരുന്നുവെന്നു വച്ച് ഒരുത്തൻ കൊള്ളരുതാത്തവനായി ജീവിച്ചാൽ അവന് പാരമ്പര്യവും വംശാവലിയും കൊണ്ടെന്തു പ്രയോജനം?വ്യഭിചാരത്തിൽ ജനിച്ചവനായാലും ഭക്തിയും പുണ്യത്തിലും ജീവിച്ചാൽ അവന് പ്രതിഫലം കിട്ടാതെ പോകുമോ? ഈ രണ്ടു തരക്കാരുടേയും ഉദാഹരണങ്ങൾ എടുക്കാൻ കാണും.

പ്രളയത്തിനു ശേഷം നോഹയുടെ പുത്രിമാർ സ്വന്തപിതാവിനെ മദ്യപിപ്പിച്ചു അവനോടുകൂടെ ശയിച്ച് സന്തതി ഉണ്ടായല്ലോ.അതിന്റെ സന്താന പരമ്പര നിഷിധ്യമാണെന്നു പറയാമോ? ശലോമോൻ രാജാവ് പാപത്തിൽ നിന്ന് ജനിച്ചവനല്ലേ? അവൻ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട ജ്ഞാനികളുടെ ജ്ഞാനിയും ദൈവീക എഴുത്തുകാരനുമായിത്തീർന്നല്ലോ.

നമ്മൾ ചിലരെ അധകൃതരെന്ന് മുദ്രയടിച്ചു തള്ളാറുണ്ട്.അവർ കുറെ കറുത്തവരും വിദ്യാഭ്യാസവും പരിഷ്കാരവും കുറഞ്ഞവരുമായിരിക്കാം. അവരും മറ്റുള്ളവരേപ്പോലെ ആദാമിന്റെ സന്തതികളല്ലേ. അങ്ങിനെ നോക്കുമ്പോൾ വംശശ്രേഷ്ഠത എന്നു പറഞ്ഞാൽ എന്താണെന്നു പറയാൻ പ്രയാസം.

കർത്താവു തന്നെ ഒരു ഉപമ പറഞ്ഞിരിക്കുന്നതിൽ സൽകുല ജാതനായ ഒരു മനുഷ്യൻ അധികാരം പ്രാപിച്ചു മടങ്ങീവരാൻ ദൂരദേശത്തേക്കു പോയി എന്നു പറയുന്നു. ആരാണീ സൽകുലജാതൻ? ഏതാനും തലമുറയായി സമ്പൽ സമൃദ്ധിയോടും സുഖസൗകര്യങ്ങളോടും ജീവിച്ചവരെ സൽ കുലമെന്നു നാം സാധാരണ പറഞ്ഞുവരുന്നു

അഹറോന്യ കുടുംബക്കാരെ പൗരോഹിത്യത്തിന് പ്രത്യേകം യോഗ്യരായി കണക്കാക്കിയിരുന്നതായി പഴയ നിയമത്തിൽ നമുക്കു കാണാം. പാരമ്പര്യമായി ആ സേവനം ചെയ്തുപോരുന്ന കുടുംബത്തിലുള്ളവർ അതു ചെയ്താൽ അതിന് ഒരു സവിശേഷതയുണ്ടായിരിക്കാനിടയുണ്ട്, ആ നിയമത്തിനും വ്യത്യാസങ്ങൾ കാണും പുതു ശിഷ്യന് പൗരോഹിത്യം കൊടുക്കരുതെന്ന് പൌലോസ് ശ്ലീഹാ തീമോത്തിയോസിനെഴുതിയിരിക്കുന്നതും (1 തിമോ:3:6) അർത്ഥമില്ലാത്ത കാര്യമല്ലല്ലോ. ലണ്ടനിലെ പോലിസുകാർ അവരുടെ പെരുമാറ്റ വിശേഷത്തിന് ലോക പ്രസിദ്ധരാണ്. പൌരോഹിത്യ പാരമ്പര്യമുള്ള നല്ല കുടുംബങ്ങളിൽ നിന്നാണത്രെ ലണ്ടനിൽ പോലീസുകാരെ എടുക്കുന്നത്.

രാജകീയ കുടുംബമാണ് ദാവീദിന്റെ കുടുംബം. ആ കുടുംബത്തിൽ നിന്നും ജനിച്ച യൗസേഫിന് പറഞ്ഞൊപ്പുകഴിഞ്ഞവളും ദാവീദു വംശജയുമായ മറിയാമിൽ നിന്നാണ് കർത്താവു ശരീരമെടുത്തു ജനിക്കുന്നത്. സൽ കുലത്തിന് കർത്താവ് മാഹാത്മ്യം കല്പിക്കുന്നതായി മുകളിൽ കാണിച്ച ഒരു ഉപമയിൽ നിന്ന് ഊഹിക്കാം.

വംശാവലി പട്ടിക നോക്കുന്നതുകൊണ്ട്. ആദാം ചെയ്ത പാപത്തിന്റെ പരിഹാരത്തിന് എത്ര തലമുറ കാത്തിരിക്കേണ്ടി വന്നുയെന്ന് കാണുന്നതിനും നമുക്കു സാധിക്കുന്നു.

ആദ്യത്തെ ആദാം ശരീരപ്രകാരമുള്ള മാതാപിതാക്കളില്ലാതെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു. രണ്ടാമത്തെ ആദാമായ ക്രിസ്തു ശരീരപ്രകാരമുള്ള പിതാവില്ലാതെ മാതാവിൽ നിന്നും സൃഷ്ടിയല്ലാതെ ജനിച്ചു. ആദ്യത്തെ ഹവ്വാ ശരീരപ്രകാരമുള്ള മാതാവിനെ കൂടാതെയും സ്ത്രീ പുരുഷ മോഹഫലമല്ലാതെയും പുരുഷന്റെ വാരിയെല്ലിൽ നിന്ന് സൃഷ്ടിക്കപ്പെട്ടു. രണ്ടാമത്തെ ഹവ്വാ പുരുഷനെ അറിയാതെ ദൈവത്തെ ഗർഭം ധരിച്ച് മാതാവായിത്തീർന്നു.

അത്ഭുതകരമായി സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കുമെന്ന് ഏദൻ തോട്ടത്തിൽ വെച്ചുണ്ടായ പ്രവചനം നിറവേറ്റുവാൻ ദൈവം ചെയ്ത ക്രമീകരണം ഈ വംശാവലി പഠിക്കുന്നതോടുകൂടെ നമ്മൾ ഗ്രഹിക്കണം. അസാധാരണമായ ഒരു ജനനത്തിന് തലമുറകൾ ഒരുങ്ങുകയായിരുന്നു.

ഏതു ശരീരത്തിൽ വച്ച് ആദാമും ഹവ്വായും പാപം ചെയ്തുവോ ആ ശരീരം തന്നെ ക്രിസ്തു എടുക്കുകയും ആ ശരീരത്തിൽ മരിക്കുന്നതു മൂലം രക്ഷ സ്ഥാപിക്കുകയും ചെയ്തുയെന്ന് സ്പഷ്ടമാക്കുവാനും ഈ പാരമ്പര്യം കാണിക്കേണ്ടതാവശ്യമായിരുന്നു.

ദൈവമനുഷ്യനായി, കന്യകയിൽ ജനിക്കുന്നതിനായി ലോകം ഒരുങ്ങിയതിന്റെ ചരിത്രം രൂപരേഖയായി കാണിക്കായായിരുന്നു ഈ വംശാവലി പട്ടിക. ആ മഹാ വലിയ ജനനത്തിനായി നോമ്പോടെ നമുക്കൊരുങ്ങാം. ആ പെരുന്നാളിനെ സമീപിക്കാൻ ദൈവം നമ്മെ യോഗ്യരാക്കട്ടെ.

# വിശുദ്ധ നാട്ടിലൂടെയും, വിശുദ്ധ ഗ്രന്ഥത്തിലൂടെയും

കെ.ഒ.ഫിലിപ്പ് കൈപ്പട്ടൂർ

**യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയുടെ ചാപ്പൽ**

കർത്താവിന്റെ ജനന സ്ഥാനവും പൈതലിനെ കിടത്തിയ സ്ഥലവും കണ്ടതിനുശേഷം ഞങ്ങൾ ഇടതുവശത്തെ പടികൾ കയറി മുകളിൽ വന്നു. അവിടെ ഇടതു വശത്തായി മനോഹരമായ ഒരു ചാപ്പൽ ഉണ്ട്. ഇതാണ് യാക്കോബായ സിറിയൻ ഓർത്തഡോക്സ്കാരുടെ ആരാധനാ സ്ഥലം. ഈ ചാപ്പലിൽ കയറി ഞങ്ങൾ പാടി പ്രാർത്ഥിച്ചു. തറനിരപ്പിലെ പ്രധാന ത്രോണോസിന് ഇടതു ഭാഗത്തായിട്ടാണ് സുറിയാനിക്കാരുടെ ത്രോണോസ്. ബേത്‌ലഹേമിൽ തന്നെ യാക്കോബായ സുറിയാനിക്കാർക്ക് ഒരു ഇടവക പള്ളി വേറെയും ഉണ്ടെന്ന് അറിയാൻ കഴിഞ്ഞു. സുറിയാനി സഭയെ കൂടാതെ അർമ്മീനിയൻ സഭക്കും ഒരു ത്രോണോസ് ഈ ദൈവാലയത്തിൽ ഉണ്ട്. പിറവിപ്പള്ളിയിലെ പ്രധാന ത്രോണോസും കർത്താവിന്റെ ജനനസ്ഥാനത്തെ ത്രോണോസും ഗ്രീക്ക് ഓർത്തഡോക്സ്കാരുടെ അധീനതയിലാണ്. ഈ പള്ളിയുടെ വടക്കുവശത്തായി ലത്തീൻ കത്തോലിക്കാ സഭയുടെ ഒരു ദൈവാലയം ഉണ്ട്. സെന്റ് കാതറീൻ എന്ന മറ്റൊരു ലത്തീൻ ദൈവാലയവും സുപ്രസിദ്ധമാണ്. നിരപരാധികളായ കുട്ടികളുടെ പള്ളി : (ഇവൗുരവ ീള കീീരലിേ ങ്യൃ്വേ) നേറ്റിവിറ്റി ചർച്ചിന്റെ പുറകുവശത്തായി ഒരു ഇരുണ്ട മുറി (അറ) ഉണ്ട്. രണ്ട് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളെ കൊല്ലാൻ ഹെരോദാവ് ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് കൊല്ലപ്പെട്ട നിരപരാധികളും നിഷ്ക്കളങ്കരുമായ പൈതങ്ങളുടെ അസ്ഥികൾ ഈ മുറിയിൽ സംഭരിച്ചിരിക്കുന്നു. ഹെരോദാവിന്റെ ഈ ദുഷ്പ്രവൃത്തിയെ എറമിയ ദീർഘദർശി നേരത്തെ പ്രവചിച്ചിരുന്നു. രാമയിൽ, കരച്ചിലിന്റെയും വലിയ വിലാപത്തിന്റെയും ശബ്ദം കേൾക്കപ്പെട്ടു. റാഹേൽ അവളുടെ മക്കളെ പ്രതി കരയുന്നു (എറമിയ. 31:15) ഈ ചാപ്പലിന്റെ മുൻവശത്തായി കിീരലിേ ങ്യൃ്വേ എന്നൊരു ബോർഡും കാണാം. അറുപത്തിനാലായിരം കുഞ്ഞുങ്ങളെ അന്ന് വധിച്ചിട്ടുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. കർത്താവിനുവേണ്ടി വധിക്കപ്പെട്ടവരാകയാൽ, അവരെ രക്തസാക്ഷികളായി സഭ അംഗീകരിക്കുകയും ജനനപ്പെരുന്നാളിന്റെ മൂന്നാം ദിവസം (ഡിസംബർ 27) അവരുടെ ഓർമ്മ നടത്തുകയും ചെയ്യുന്നു.

*ശൈശവ സഹദേർ പരനുടെ പേർക്കായ് കൊലകൈകൊണ്ടും*

*നല്ലൊരുബലിയായർപ്പിതരായാരീശൻ സവിധേ*

*പിഞ്ചുകടിഞ്ഞൂൽ സഹദേർ രക്തം വാങ്ങിയൊരീശോ*

വധമേറ്റോരെ മാനിപ്പോരെ വാഴ്ത്തീടേണം.

ഈ ചാപ്പലിനെ തെക്കുഭാഗത്തായി ഒരു ഗുഹ കാണാം. നീതിമാനായ യൗസേഫിന് ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട സ്ഥാനമായി ഇവിടെ കണക്കാക്കപ്പെടുന്നു. മത്തായി. 2-ാം അദ്ധ്യായം 13-14-ൽ ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. ദിവ്യ ശിശുവിനെയും മാതാവിനെയും കൂട്ടിക്കൊണ്ട് മെസ്രേനിലേക്ക് ഓടി രക്ഷപെടുവാൻ അറിയിച്ചതായ സ്ഥലം. ഹെരോദാസ് രണ്ട് വയസ്സിന് താഴെയുള്ള പൈതങ്ങളെ കൊലചെയ്യുവാൻ കല്പന കൊടുക്കുന്നു. തിരുകുടുംബം അന്നു രാത്രി തന്നെ മെസ്രേനിലേക്ക്പുറപ്പെടുകയും ചെയ്തു. ഹെരോദാസിന്റെ മരണം വരെ അവർ അവിടെ പാർത്തു. അതായത് ഏകദേശം രണ്ട് വർഷം. ബേത്‌ലഹേം പള്ളിയിൽ തന്നെ അന്ന് ശവകുടീരങ്ങൾ സ്ഥിതി ചെയ്യുന്നുണ്ട്. റോമാ പാത്രിയക്കേറ്റിൽ നിന്നുള്ള കല്പന പ്രകാരം (ദമസോസ് ഒന്നാമൻ പാപ്പാ എ.ഡി. 366-384) തിരുവെഴുത്തുകൾ ഹീബ്രുവിൽ നിന്ന് ലത്തീൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയ [28] വി. ജെറോമിന്റെ (ടേ.ഖലൃീാല) ശവകുടീരം ആണ് ഒന്ന്. ജെറോം ഉപയോഗിച്ചിരുന്ന മുറിയിൽ തന്നെ അദ്ദേഹത്തെ അടക്കം ചെയ്തിരിക്കുന്നു. അപ്പോക്രിഫാ ഗ്രന്ഥങ്ങൾ കൂടി ഉൾപ്പെട്ട ഈ ഭാഷാ വിവർത്തനത്തിന്[29] വുൾഗേറ്റ് (ഢൗഹഴമലേ) എന്ന് പറയപ്പെടുന്നു. വിവർത്തനത്തിൽ ജെറോമിനെ സഹായിച്ച രണ്ട്പേരുടെ മൃതദേഹങ്ങൾ കൂടി ഈ ദൈവാലയത്തിൽ സംസ്ക്കരിച്ചിട്ടുണ്ട്. ഞങ്ങൾ കല്ലറ മുറികളിൽ പ്രവേശിച്ച് പ്രാർത്ഥന നടത്തിപോന്നു. പിറവിപ്പള്ളിയുടെ പ്രധാന മദ്ബഹായിക്ക് മുമ്പിലായും ഞങ്ങൾ കുറെ സമയം ധ്യാനത്തിനായി ചെലവഴിച്ചു. ആട്ടിടയന്മാരുടെ വയൽ (ടവലുവലൃറ എശലഹറ) ബേത്‌ലഹേം കുന്നിന്റെ കിഴക്കെ ചരിവിൽ കാണുന്ന സമതല പ്രദേശമാണ് ആട്ടിടയന്മാരുടെ വയൽ എന്നറിയപ്പെടുന്നത്. ഞങ്ങൾ ആദ്യ രണ്ട് ദിവസങ്ങൾ ഇവിടെയുള്ള പിൽഗ്രിമേജ് ഹൗസി ലായിരുന്നു താമസം. ഈ സ്ഥലത്തിന് ഏദെർ എന്നായിരുന്നു പുരാതന നാമം. ആദ്യ പുസ്തകം 35-ാം അദ്ധ്യായം 16-21 വാക്യങ്ങളിൽ ഈ സ്ഥലത്തെപ്പറ്റി പരാമർശം ഉണ്ട്. ബന്യാമീന്റെ ജനനത്തോടു കൂടി റാഹേൽ മരിക്കുകയും എഫ്രാത്താക്ക് (ബേത്‌ലഹേം) അടുത്തായി അവളെ അടക്കം ചെയ്യുകയും അതിനു ശേഷം യിസ്രായേൽ യാത്ര പുറപ്പെട്ട് ഏദെർ ഗോപുരത്തിന് അപ്പുറം കൂടാരം അടിച്ച് അവിടെ പാർത്തതായും മേൽ വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബോവാസ്-രൂത്ത് സംഗമവും മറ്റും ഈ വയലിൽ വച്ചായിരുന്നു എന്ന് പറയപ്പെടുന്നു. (രൂത്ത് 3,4 അദ്ധ്യായങ്ങൾ). അവർ പാർത്തിരുന്ന ആ പ്രദേശത്ത് തങ്ങളുടെ ആട്ടിൻ പറ്റത്തിന് രാത്രിയാമങ്ങളിൽ കാവൽ നിന്നിരുന്ന ഇടയന്മാർ ഉണ്ടായിരുന്നു. (ലൂക്കോ. 2:8). ആടുകളെ കാവൽ കാത്തും കൊണ്ട് ആട്ടിടയന്മാർ വിശ്രമിച്ചിരുന്ന ഒരു ഗുഹയുണ്ട്. ആ ഗുഹ പരമാവധി സംരക്ഷിച്ച് അവിടെ ഒരു ദൈവാലയം നിർമ്മിച്ചിട്ടുണ്ട്. എ.ഡി. 529-ൽ അത് ശമര്യക്കാരാൽ തകർക്കപ്പെട്ടു. എന്നാൽ ആദ്യത്തെ ദൈവാലയത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും അവിടെ സൂക്ഷിച്ചിരിക്കുന്നു. ആട്ടിടയന്മാരുടെ പള്ളി എന്ന് ദൈവാലയം അറിയപ്പെടുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി. ഭൂമിയിൽ സമാധാനം. മനുഷ്യരുടെ ഇടയിൽ സംപ്രീതി (നല്ല പ്രത്യാശ) (ലൂക്കൊ. 2:13-14) എന്ന് മാലാഖമാരോട് ഒരുമിച്ച് സ്വർഗ്ഗീയ സൈന്യങ്ങൾ സ്തുതിച്ച് പാടിയ സ്ഥലം കൂടിയാണിത്. ഡിസംബർ 24-ാം തീയതി (യൽദോ പെരുന്നാൾ ദിവസം) അവിടെ പ്രത്യേക ആഘോഷം നടത്തിവരുന്നു.

# വയലിപ്പറമ്പിൽ മാർ ഗ്രിഗോറിയോസ് തിരുമേനി

ഷെവ: പി.കെ.പൗലോസ് കൂരൻ

പുണ്യശ്ലോകനായ വയലിപ്പറമ്പിൽ ഗിവറുഗ്ഗീസ് മാർ ഗ്രീഗോറീയോസ് തിരുമേനി കാലം ചെയ്തിട്ട് 2007 നവംബർ 6-ന് 41 വർഷം തികയുകയാണ്. അങ്കമാലിക്ക് പുറമെ നിരണം ,തുമ്പമൺ ഭദ്രാസനങ്ങളുടെ ചുമതലകൂടി തിരുമേനി വഹിച്ചിട്ടുണ്ട്.നെടുമ്പാശ്ശേരിയിലെ പ്രശസ്തവും പുരാതനവുമായ വയലിപ്പറമ്പിൽ പൈനാടത്ത് കുടുംബത്തിൽ 20.07.1889-ൽ തിരുമേനി ജനിച്ചു. പിതാവ് കുര്യൻ തോമ, മാതാവ് തുരുത്തി ചേട്ടോളത്തുംകര വിത്ത (ശോശാമ്മ). പരിശുദ്ധ പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയിൽ നിന്നു വൈദീകസ്ഥാനങ്ങൾ സ്വീകരിച്ചു. കോതമംഗലത്ത് ഇട്ടീരമല്പാന്റെ കീഴിലായിരുന്നു വൈദീകപഠനം. 1945 ഇടവം 4-ന് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കൂടിയ അങ്കമാലി ഭദ്രാസന പള്ളി പ്രതിപുരുഷയോഗം മെത്രാപ്പോലീത്താ സ്ഥാനത്തോക്ക് തെരഞ്ഞെടുത്തു. 1946 കർക്കിടകം 2-ന് ഹോംസിൽ വച്ച് പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയാർക്കിസ് ബാവ മാർഗ്രീഗോറിയോസ് എന്നപേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. 1953 ജനുവരി 25 വരെ സഹായമെത്രാപ്പോലിത്തയായും 1966 നവംബർ 6 വരെ ഭദ്രാസന മെത്രാപ്പോലീത്ത ആയും ഭരണം നടത്തി. നെടുമ്പാശ്ശേരി മാർ അത്താനേഷ്യസ് ഹൈസ്കൂളും നെടുമ്പാശ്ശേരി സെന്റ് ജോർജ്ജ് പള്ളിയും മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കഴിവിന്റെ ജീവിക്കുന്ന പ്രതികങ്ങളാണ്. തൃക്കുന്നത്ത് സെമിനാരി കെട്ടിടം രണ്ട് നിലയായിഉയർത്തി പണിയിച്ചത് തിരുമേനിയാണ്. ആലുവായിലെ സിറിയൻ ഹോസ്റ്റൽ തിരുമേനിയുടെ ഭരണനേട്ടമാണ്. (സഭ ചന്ദ്രിക) മാസികയുടെ ആരംഭകനും തിരുമേനിതന്നെയാണ് .മലങ്കര കണ്ടിട്ടുള്ളതിൽ ഏറ്റവും പ്രഗൽഭനായ ഭരണാധിപൻ തന്നെ ആയിരുന്നു തിരുമേനി . (മലങ്കരയിലെ ഉരുക്ക് മനുഷ്യൻ) എന്നാണ് തിരുമേനി അറിയപ്പെട്ടിരുന്നത്. പള്ളി പറമ്പുകൾ തരിശ്ശു ഇടരുതെന്നും റബ്ബർ,തെങ്ങ് തുടങ്ങിയ അനുയോജ്യമായ കൃഷികൾ ചെയ്ത് വരുമാനം വർദ്ധിപ്പിക്കണമെന്നും ഉൽബോധിപ്പിച്ച മെത്രപ്പോലീത്തയായിരുന്നു തിരുമേനി. 1958 ഡിസംബർ 16-ലെ യോജിപ്പിന്റെ അടുത്ത ദിവസം കോട്ടയം ദെവാലോകം കാതോലിക്കേറ്റ് അരമന ചാപ്പലിന് വി.ബലിഅർപ്പിക്കുവനായി മാർ ഗ്രിഗോറിയോസ് തിരുമേനിയെ ക്ഷണിച്ചു ഇതിനായി എത്തുമ്പോൾ തിരുമേനിയുടെ ശിരസ്സിൽ പരി. ഗിവറുഗ്ഗിസ് ദ്വിതിയൻ കാതോലിക്കാ ബാവയെ കൊണ്ട് ഒരു മനപ്സ ധരിപ്പിക്കുവാൻ ഓർത്തഡോക്സ് പക്ഷം പ്ലാൻ ചെയ്തിരുന്നു. ഈ കാര്യം അറിയിച്ചപ്പോൾ ഇതിന്റെ അനന്തരഫലം ചിന്തിച്ച തിരുമേനി തന്റെ തലയിൽ പരി. പാത്രിയർക്കിസ് ബാവ ധരിപ്പിച്ച മസ്നപ്സാ ഉണ്ട് എന്നും,ഇനി ആരും തന്നെ മനപ്സാ ധരിപ്പിക്കേണ്ടതില്ലെന്നും തുറന്നടിച്ചു.

തിരുമേനിയെ കാതോലിക്കേറ്റിന്റെ കാവൽഭടനായി കൂറുമാറിയ ചിലർ ചിത്രീകരിക്കുന്നുണ്ട്. ഇത് സത്യത്തിന് എതിരും സ്വയം ന്യായീകരണത്തിനും, കൂറുമാറ്റത്തിന്റെ ജ്വല്ലത മറയ്ക്കുവാനുമാണ്. തിരുമേനി സ്ഥാപിച്ച നെടുമ്പാശ്ശേരി ഹൈസ്ക്കൂളിന്റെ നടത്തിപ്പിനായി 1123 മിഥുനം 7-ന് (1947) അങ്കമാലി സബ്ബ് രജിസ്റ്റർ ഓഫീസിൽ 19-ാം നമ്പറായി ഒരു വിൽപ്പത്രം രജിസ്റ്റർ ചെയ്തിരുന്നു. നടത്തിപ്പ് സംബന്ധിച്ച് അതിലെ വ്യവസ്ഥ അതതുകാലത്ത് വി. അന്തോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന പ: പാത്രിയർക്കീസ് ബാവയാൽ വാഴിക്കപ്പെടുന്നതും, സ്വീകരിക്കപ്പെടുന്നതുമായ അങ്കമാലി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താമാരുടെ ഉടമസ്ഥതയിലും ഭരണത്തിലും ഇരിക്കേണ്ടതാകുന്നു എന്നായിരുന്നു. 1958-ലെ യോജിപ്പും 1964-ലെ കാതോലിക്കാ വാഴ്ചയും കഴിഞ്ഞിട്ടും മാർ ഗ്രിഗോറിയോസ് തിരുമേനി, 1934-ലെ ഭരണഘടനയെയോ പൗരസ്ത്യകാതോലിക്കാ ബാവയെയോ കുറിച്ച് എന്തെങ്കിലും കൂട്ടിച്ചേർത്തു വിൽപത്രം മാറ്റി എഴുതാൻ തയാറായില്ല എന്നത് തിരുമേനിയുടെ പ: അന്തോഖ്യാ സിംഹാസനത്തോടുള്ള ഭക്തിയാദരവുകൾ പ്രകടമാക്കുന്നു. 1958-ലെ യോജിപ്പോടെ വിൽപത്രത്തിന്റെ പ്രസക്തി നഷ്ട്ടപ്പെട്ടെന്നും. 1934-ലെ ഭരണഘടന നെടുമ്പാശ്ശേരി ഹൈസ്ക്കൂളിനും കൂടി ബാധകമാണ് തുടങ്ങിയ ഓർത്തഡോക്സു വാദങ്ങൾ നിരർത്ഥകങ്ങളാണ്.

പരി. യാക്കൂബ് തൃദീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നള്ളി ഔഗേനെ കാതോലിക്കായായി വാഴിക്കുന്നതുവരെ മാർ ഗ്രീഗോറിയോസ് മറുകക്ഷിയിൽപ്പെട്ട വൈദികരോടും മെത്രാപ്പോലീത്തന്മാരോടും ചേർന്നുള്ള കൂദാശകൾ ഒഴിവാക്കിയിരുന്നു. 34 ലെ ഭരണഘടന അംഗീകരിക്കണമെന്ന് ആരോടും നിർകർഷിച്ചിരുന്നില്ല. കാലം ചെയ്യുന്നതുവരെ അങ്കമാലി ഭദ്രാസനം പരിശുദ്ധ അന്ത്യോക്യാ സിംഹാസനത്തിന് കീഴ്പ്പെട്ടിരുന്നു. 1966 നവംബർ 6-ാം തീയതി രാവിലെ തിരുമേനി കാലം ചെയ്തു. അദ്ദേഹത്തിന്റെ വിയോഗം തീരാ നഷ്ടമാണ് വിശ്വാസികൾക്ക് വരുത്തിത്തീർത്തത്. അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ നമുക്ക് അഭയം തേടാം.

## യാക്കോബായ സഭയ്ക്ക് ആസ്ട്രേലിയയിൽ ഒരു ഇടവകകൂടി

**അഡിലയ്ഡ്**: യാക്കോബായ സഭയ്ക്ക് ആസ്ട്രേലിയയിലെ അഡിലയ്ഡിൽ പുതിയ കോൺഗ്രിഗേഷൻ നിലവിൽവന്നു. മെൽബൺ സെന്റ് ജോർജ്ജ് സുറിയാനിപ്പള്ളി വികാരി ഫാ. ഉല്ലാസ് വർക്കി വെട്ടിക്കുന്നേലും സെക്രട്ടറി സജി കരുത്താനത്ത്, കാരയ്ക്കാടും രൂപീകരണത്തിനു നേതൃത്വം നല്കി. അഡിലയ്ഡിലെ സെന്റ് മേരീസ് & സെന്റ് ബിഷോയ് കോപ്റ്റിക് ഓർത്തഡോക്സ് പള്ളിയിൽ ഫാ. ഉല്ലാസ് വർക്കി പ്രഥമ കുർബാന അർപ്പിച്ച് താല്കാലിക ക്രമീകരണം നടത്തി. എല്ലാ മാസവും വി. കുർബ്ബാന നടത്തുന്നതിനും തീരുമാനമായി. ആ പ്രദേശത്തുള്ള വിശ്വാസികൾ: St. Mary's & St. BIshoy Coptic Orthodox Church, 18 Guild Finch Ave, Cowandilla, Adelaide യിൽ നടക്കുന്ന ആരാധനയിൽ പങ്കെടുക്കുന്നതിനു താഴെ കാണുന്ന ഫോൺ നമ്പറുമായി ബന്ധപ്പെടണമെന്ന് സജി കരുത്താനത്ത് അറിയിച്ചു.

ഫാ. ഉല്ലാസ് വർക്കി 61-401889609, ഡോ. റെഞ്ചി നെൽസൺ - 08-83950649, എബ്രഹാം ജോഷി - 08-83446032

# മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (ഗലാത്യ 5:19)

ആനി വി.തോമസ്.

ജഢത്തിന്റെ പ്രവൃത്തികളൊ, ദുർന്നടപ്പു, അശുദ്ധി, ദുഷ്കാമം, വിഗ്രാഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു. തിത്തോസ് 2:3. വൃദ്ധന്മാരും അങ്ങനെതന്നെ നടപ്പിൽ പവിത്രയോഗ്യന്മാരും ഏഷണി പറയാത്തവരും വീഞ്ഞിനു അടിമപ്പെടാത്തവരും ആയിരിക്കേണം എന്നു...... സദൃശ്യ 23:3. വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുതു. ഒടുക്കം അതു സർപ്പംപോലെ കടിക്കും. അണലിപോലെ കൊത്തും. നിന്റെ കണ്ണു പരസ്ത്രീകള നോക്കും, നിന്റെ ഹൃദയം വക്രത പറയും. നീ നടുക്കടലിൽ ശയിക്കുന്നവനെപ്പോലെയും പാമരത്തിൻരെ മുകളിൽ ഉറങ്ങുന്നവനെപ്പോലെയും ആകും. അവർ എന്നെ അടിച്ചു. എനിക്കു നൊന്തില്ല. അവർ എന്നെ തല്ലി, ഞാൻ അറിഞ്ഞതുമില്ല. ഞാൻ എപ്പോൾ ഉണരും? ഞാൻ ഇനിയും അതുതന്നെ തേടും എന്നു നീ പറയും. സദൃ.20:1. വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനുമാകുന്നു. ആയതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല. സദൃ.31:4. വീഞ്ഞു കുടിക്കുന്നതു രാജാക്കന്മാർക്കു കൊള്ളരുതു. മദ്യാസക്തി പ്രഭുക്കന്മാർക്കു കൊള്ളരുതു. അവർകുടിച്ചിട്ടു നിയമം മറന്നുപോകുവാനും അരിഷ്ടന്മാരുടെ ന്യായം മറിച്ചു കളയുവാനും ഇടവരരുതു.സദൃ.31:6 നശിക്കുമാറായിരിക്കുന്നവനു മദ്യവും മനോവ്യസനമുള്ളവനു വീഞ്ഞും കൊടുക്ക. അവൻ കുടിച്ചിട്ടു തന്റെ ദാരിദ്ര്യം മറക്കയും തന്റെ അരിഷ്ടത ഓർക്കാതിരിക്കയും ചെയ്യട്ടെ. ഹബെക്കൂക് 2:5. വീഞ്ഞു വിശ്വാസ പാതകനാകുന്നു. അഹമ്മതിയുള്ള പുരുഷൻ നിലനിൽക്കയില്ല. യെശയ്യ 5:11. അതികാലത്തു എഴുന്നേറ്റു മദ്യം തേടി ഓടുകയും വീഞ്ഞു കുടിച്ചു മത്തരായി സന്ധ്യാ സമയത്തു വൈകി ഇരിക്കയും ചെയ്യുന്നവർക്കും അയ്യോ കഷ്ടം. അവരുടെ വിരുന്നുകളിൽ കിന്നരവും വീണയും തപ്പും കുഴലും വീഞ്ഞും ഉണ്ടു. എന്നാൽ യഹോവയുടെ പ്രവൃത്തിയെ അവർ നോക്കുന്നില്ല. അവന്റെ കൈവേലയെ വിചാരിക്കുന്നതുമില്ല. അങ്ങനെ എന്റെ ജനം അറിവില്ലായ്കയാൽ പ്രവാസത്തിലേക്കു പോകുന്നു. അവരുടെ മാന്യന്മാർ പട്ടിണി കിടക്കുന്നു. അവരുടെ ജനസമൂഹം ദാഹത്താൽ വരണ്ടു പോകുന്നു....ഹബക്കൂക് 2:15 കൂട്ടുകാരുടെ നഗ്നത കാണേണ്ടതിനു അവർക്കു കുടിപ്പാൻ കൊടുക്കുകയും നഞ്ചു കൂട്ടിക്കലർത്തി ലഹരി പിടിപ്പിക്കയും ചെയ്യുന്നവനു അയ്യോ കഷ്ടം ! നിനക്കു മഹത്വംകൊണ്ടല്ല, ലജ്ജകൊണ്ടുതന്നെ പൂർത്തി വന്നിരിക്കുന്നു. നീയും കുടിക്ക നിന്റെ അഗ്രചർമ്മം അനാവൃതമാക്കുക. യഹോവയുടെ വലങ്കൈയിലെ പാനപാത്രം നിന്റെ അടുക്കൽ വരും. മഹത്വത്തിനു പകരം നിനക്കു അപമാനം ഭവിക്കും. മനുഷ്യരുടെ രക്തവും ദേശത്തോടും നഗരത്തോടും അതിന്റെ സകല നിവാസികളോടും ചെയ്ത സാഹസവും ഹേതുവായി ലെബാനോനോടു ചെയ്ത ദ്രോഹവും മൃഗങ്ങളെ പേടിപ്പിച്ച സംഹാരവും നിന്നെ മൂടും.... സദൃശ്യ. 21:17 ഉല്ലാസപ്രിയൻ ദരിദ്രനായ് തീരും വീഞ്ഞും തൈലവും പ്രിയപ്പെടുന്നവൻ ധനവാനാകുകയില്ല. സദൃ.23:20നീ വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസഭോജനപ്രിയരുടെ ഇടയിലും ഇരിക്കരുതു. കുടിയനും അതി ഭക്ഷകനും ദരിദ്രരായിത്തീരും. നിദ്രാലുത്വം പഴന്തുണി ഉടുക്കുമാറാക്കും. ഹോശേയ 4:11 പരസംഗവും വീഞ്ഞും പുതിയ വീഞ്ഞും ബുദ്ധിയെ കെടുത്തു കളയുന്നു. ഹോശേയ. 7:5 നമ്മുടെ രാജാവിന്റെ ദിവസത്തിൽ പ്രഭുക്കന്മാർക്കു വീഞ്ഞിന്റെ ഉഷ്ണത്താൽ ദീനം പിടിക്കുന്നു. അവൻ പരിഹാസികളോടുകൂടെ കൈ നീട്ടുന്നു. മദ്യപാനത്തെക്കുറിച്ചുള്ള ബൈബിൾ ഉദ്ധരണികൾ ശ്രദ്ധിച്ചുവല്ലോ. ഇന്നത്തെ ക്യാപസുകൾപോലും മദ്യത്തിന്റെ പിടിയിലാണ് എന്ന വസ്തുത അത്ര ഞെട്ടിക്കുന്ന അറിവൊന്നുമായിരിക്കുകയില്ല. കുട്ടികൾ ചോദിക്കുന്ന മറു ചോദ്യം മദ്യപിക്കാത്ത പുകവലിക്കാത്ത പുരോഹിതന്മാരുണ്ടോ എന്നാണ്. അതെ നിയമം പഠിപ്പിക്കേണ്ടവർ പലപ്പോഴും ചെയ്യുന്നത് വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെയായിപ്പോകുന്നുവെന്നത് ദു:ഖകരമായ ഒരു തിരിച്ചറിവാണ്. പല ഉന്നത ഉദ്യോഗസ്ഥരും സർവ്വീസിലിരിക്കുമ്പോൾ തന്നെ മരണമടയുന്നു. കാരണം ഒരുപക്ഷേ മദ്യപാനത്തിന്റെ അനന്തരഫലമായ "ലിവർ സിറോസിസ്" ആയിരിക്കും എന്നുള്ളതും ണിശയോക്തിയല്ല. അമ്മായിയ്പ്പനു പണമുണ്ടെങ്കിൽ സംബന്ധം പരമാനന്ദം എന്നു കരുതി വൻതുക സ്ത്രീധനം മാത്രം മോഹിച്ച് വിവാഹബന്ധങ്ങളിലേർപ്പെടുന്നവർ ജീവിതത്തിൽ അഡ്ജസ്റ്റുമെന്റുകൾ അതിരുവി

ടുമ്പോൾ പിടിച്ചു നിൽക്കാൻവേണ്ടി മദ്യപാനികളാകുന്നതും ഒരു പുതിയ കാഴ്ചയല്ല. നൈസർഗികമായ ജീവിതം അതിന്റെ വിശുദ്ധിയിലും ഏകാഗ്രതയിലും നിലനിർത്താൻ സാധിക്കാതെ വരുന്നതാണ് ഏറെയും മദ്യപാനത്തിലേക്കു വഴിതിരിക്കുന്നത്. Getting a better half in half the life അഥവാ നല്ല കൂട്ടുകാരനെ കിട്ടുന്നവൻ ജീവിതത്തിന്റെ പകുതി പിന്നിട്ടു കഴിഞ്ഞു. എന്നൊക്കെ പറയുന്നു. പഴമൊഴികൾക്ക് ഇന്നെന്താണ് പ്രസക്തി. മദ്യം സേവിച്ചാൽ സ്നേഹം കൂടുന്നവരും അപൂർവ്വമായി ഉണ്ടെങ്കിലും അധാർമ്മികതയുടെയും അക്രമത്തിന്റെയും നീതി നിഷേധത്തിന്റെയും അന്യായത്തിന്റെയും നിയമവാഴ്ച നശിക്കുന്നതിന്റെയും ചിത്രങ്ങളാണ് കൂടുതലും കാണാനുള്ളത്. എന്തുതന്നെയായാലും വിവാഹ വിരുന്നകൾ, ക്രിസ്തുമസ്, ഈസ്റ്റർ ആഘോഷങ്ങൾ എന്നിവയ്ക്കൊക്കെ മദ്യം ഒഴിച്ചുകൂടാനാവാത്ത അവസ്ഥയിലേക്ക് യാക്കോബായ വിശ്വാസികളും എത്തിച്ചേർന്നിട്ടുണ്ടെന്നു തോന്നുന്നു. മദ്യത്തിന്റെ രുചി അറിയാത്ത പുരുഷന്മാരില്ല എന്ന അവസ്ഥയിലെത്തി നിൽക്കുന്നു സമൂഹം ലഹരി അനുഭൂതികൾ പകരുന്നതായിരിക്കാം പക്ഷെ അത് അറിഞ്ഞുകൊണ്ടുള്ള ആത്മഹത്യ തന്നെയാണ്. ഒരുതരം Slow poisoning. അല്പസ്വല്പം മദ്യപിച്ചാൽ എന്താണ് തെറ്റ്, വീഞ്ഞും മദ്യമദ്യേ എന്നൊക്കെ ചോദിക്കുമായിരിക്കാം. ഉത്തരം ഇതാണ്, പാപം രുചിനോക്കാൻ കൊള്ളുന്ന വസ്തുവല്ല. അത് അവസരം കണ്ടെത്തി നമ്മെ വഞ്ചിക്കും. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഒരിക്കലെങ്കിലും മദ്യപാനത്തിന്റെ മഹത്വം മനസ്സിലാക്കുന്നവൻ. ജീവിതത്തിൽ ദു:ഖത്തിന്റെയും നിരാശയുടെയും കാലം വരുമ്പോൾ തീർച്ചയായും മദ്യത്തെ ആശ്രയിച്ചെന്നുവരും അതയാളെ അതിനടിമയാക്കും. ആരോഗ്യവും അവസാനത്തെ ചില്ലിക്കാശുപോലും നഷ്ടമാകുംവരെ അയാൾക്കു സുബോധം വീഴുകയുമില്ല. അനുഭവിക്കുന്നത് ഒരു കുടുംബവും പിന്നെ സ്വന്തം ആത്മാവിന്റെ ഗതിയും.

# മെഴുവേലി സെന്റ് ജോർജ്ജ് ശാലേം യാക്കോബായ സുറിയാനിപ്പള്ളി കൂദാശ

## 2007 ഡിസംബർ 21, 22 തീയതികളിൽ

മെഴുവേലി സെന്റ് ജോർജ്ജ് ശാലേം യാക്കോബായ സുറിയാനിപള്ളി പുതുക്കിപ്പണി പൂർത്തീകരിച്ച് 2007 ഡിസംബർ 21, 22 തീയതികളിൽ (വെള്ളി, ശനി) കൂദാശ നടത്തുവാൻ ദൈവത്തിൽ പ്രത്യാശിക്കുന്നു. ദൈവാലയത്തിന്റെ വിശുദ്ധ മൂറോൻ അഭിഷേകം ആബൂൻ മോർ ബസേലിയോസ് തോമസ് ഒന്നാമൻ ബാവായുടെ മുഖ്യരകാർമ്മീകത്വത്തിൽ പരിശുദ്ധസഭയിലെ അഭിവന്ദ്യരായ മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെടുന്നു. കൂദാശയുടെ മുന്നോടിയായി ദീപശിഖാ പ്രയാണം ഡിസംബർ 16-ാം തീയതി ഞായറാഴ്ച 2 മണിക്ക് പുണ്യശ്ലോകനായ കുറിയാക്കോസ് മോർ കൂറിലോസ് തിരുമേനിയുടെ കബറിടം സ്ഥിതിചെയ്യുന്ന അടൂർ എം.എം.ഡി. ദയറായിൽ നിന്ന് ആരംഭിച്ച് വിവിധ ദൈവാലയങ്ങൾ വഴിയായി 5 മണിക്ക് പുതിയ ദൈവാലയത്തിൽ എത്തിച്ചേരുന്നു. 21-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് ശ്രേഷ്ഠ ബാവായേയും അഭിവന്ദ്യപിതാക്കന്മാരേയും കിടങ്ങന്നൂർ മാർക്കറ്റ് ജംഗ്ഷനിൽ സ്വീകരിച്ച് പൗരസ്വീകരണം നൽകി ഹംസരഥത്തിൽ ദൈവലയത്തിലേക്ക് ആനയിക്കുന്നു. തുടർന്ന് നടക്കുന്ന പൊതുസമ്മേളനം ശ്രേഷ്ഠ കാതോലിക്കാ ബാവ അദ്ധ്യക്ഷത വഹിക്കുന്നതും സഹോദരി സഭകളിലെ അഭിവന്ദ്യ പിതാക്കന്മാരും രാഷ്ട്രീയ സാമൂഹിക സാംസ്ക്കാരിക നായകരും പ്രസംഗിക്കുന്നു. ജീവ കാരുണ്യ പദ്ധതികളുടെ ഉദ്ഘാടനം, വെബ്സൈറ്റ് ഉദ്ഘാടനം, കൂദാശാ സപ്ലിമെന്റ് പ്രകാശനംഎന്നിവ നടത്തപ്പെടുന്നതാണ്.

പൗരോഹിത്യ സ്ഥാനാരോഹണ കനകജൂബിലി ആഘോഷിക്കുന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ യാക്കോബ് ബുർദാന ശ്രേഷ്ഠ കാതോലീക്കാ ആബുൻ മോർ ബസേലിയോസ് ഒന്നാമൻ ബാവായ്ക്ക് തുമ്പമൺ ഭദ്രാസനത്തിനുവേണ്ടി ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനി അനുമോദനങ്ങൾ അർപ്പിച്ച് ഉപഹാരം സമർപ്പിക്കും. ഇടവകയ്ക്ക് വേണ്ടി ഫാ: ഏലിയാസ് ജോർജ്ജ് ഉപഹാരം സമർപ്പിക്കുന്നു.

പൊതുസമ്മേളനാനന്തരം ദൈവാലയ കൂദാശയുടെ ഒന്നാംഘട്ടം ശ്രേഷ്ഠബാവായുടെ മുഖ്യാകാർമ്മീകത്വത്തിൽ നടത്തപ്പെടും 22-ാം തീയതി ശനിയാഴ്ച രാവിലെ പ്രഭാത നമസ്ക്കാരവും ദൈവാലയ കൂദാശയുടെ രണ്ടാംഘട്ടവും വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും ശ്രേഷ്ഠ ബാവായുടെ കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു. ഇടവകയിലെ 80 വയസ്സു പൂർത്തിയായവരെ പൊന്നാട അണിയിച്ച് ആദരിക്കുന്നതാണ്. സ്വീകരണ ഘോഷയാത്ര, പൊതുസമ്മേളനം, വിശുദ്ധ കൂദാശ, സ്നേഹവിരുന്ന് എന്നിവയും ഉണ്ടായിരിക്കുമെന്ന് വികാരി ഫാ.ഏലിയാസ് ജോർജ്ജ് ട്രസ്റ്റി ജോർജ്ജ് ജോൺ സെക്രട്ടറി കെ.എം.ശാമുവേൽ പ്രോഗ്രാം കൺവീനർ ഫാ. കോശി.പി.ജോർജ്ജ് എന്നിവർ അറിയിച്ചു.

# കാലിത്തൊഴുത്തിൽ പിറന്നവൻ പുൽക്കൂട്ടിൽ പിറന്നവൻ

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

ഉണർവ്വിന്റെ ഉണർത്തു പാട്ടുമായി വീണ്ടുമൊരു ക്രിസ്മസ് കാലം. ആശംസാകാർഡുകളും സമ്മാനങ്ങളും മധുരാനുഭവമായി പങ്കുവെയ്ക്കാൻ ദൈവസുതന്റെ ജനനം നിമിത്തമായിതീർന്നു. പുൽകൂടുകളിൽ പൂമെത്തകൾ വിരിച്ച് അതിൽ സുഖനിദ്രയാണ് കാലിത്തൊഴുത്തിന്റെ പുതുപ്പതിപ്പുകളായ ക്രിബുകളിലൂടെ ദൈവകുമാരന് നാമൊരുക്കുന്ന ക്രിസ്മസ് സമ്മാനം എന്നാൽ കമ്പോളവത്കരണത്തിന്റെ ഉല്പന്ന സംസ്കാരം എത്രത്തോളം അവന് അരോചകമെന്ന് ചിന്തിക്കാൻ പലപ്പോഴും നമുക്ക് സാധിക്കാതെ പോകുന്നു. 'നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്' എന്ന ബൈബിൾ വാക്യമാണ് 2007 ക്രിസ്മസ് ചിന്തയിലേക്ക് പെട്ടന്ന് കടന്നുവരുന്നത്. സ്വയം ഇല്ലാതായവനെ, കാലിത്തൊഴുത്തോളം താഴുകയും കാൽവരിയോളം ഉയരുകയും ചെയ്തവനെ, വീണ്ടും ചെറുതാക്കുവാനല്ലെ നമ്മുടെ തത്രപ്പാടുകൾ മുഴുവൻ. അപ്പത്തിന്റെ ഭവനത്തിൽ നിന്നും അപ്പമായവൻ ജനിച്ചു എന്നതാണ് ക്രിസ്മസിന്റെ വലിയ സന്ദേശം. കാലിത്തൊഴുത്തിലെ ഇല്ലായ്മയിൽ പിറന്നുവീഴാൻ ദൈവപുത്രൻ തെല്ലും അമാന്തം ഉണ്ടായില്ല. പക്ഷേ, അവന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കാൻ അന്നും ഹേറോദോസുമാരുണ്ടായിരുന്നു. ക്രിസ്തുവിന് പിറന്നുവീഴാൻ അവസരം നല്കാത്ത നമ്മുടെ ഹൃദയത്തിനുള്ളിലെ ഹേറോദോസുമാരെ നാമും തിരിച്ചറിയണം. അവനെ മനം തുറന്ന് സ്വീകരിക്കാൻ മറിയത്തിന്റെ മനോഭാവമാണ് ആവശ്യം. 'ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് പോലെ ഭവിക്കട്ടെ'. പുൽക്കൂടുകൽ നമ്മുടെ ഹൃദയത്തിനുള്ളിലാണ് രൂപീകരിക്കേണ്ടത്. അതിന്റെ പ്രതിഫലനങ്ങളാകണം ഭവനാങ്കണത്തിലെ പുൽക്കൂടുകൾ. അവിടെയാകണം ഉണ്ണിയേശു പിറക്കേണ്ടത്. വിശുദ്ധനായ അഗസ്റ്റിനോസ് പറഞ്ഞതുപോലെ ആയിരമായിരം ഉണ്ണികൾ ആയിരമായിരം പുൽക്കൂടുകളിൽ പിറന്നാലും എന്റെയുള്ളിൽ യേശു പിറക്കുന്നില്ലെങ്കിൽ എനിക്കെന്തെ പ്രയോജനം? പുൽക്കൂടിന്റെ ചൈതന്യം പൂർത്തിയാവുന്നത് ബലിയിലൂടെയാണ്. പുൽക്കൂടിലെ ദൈവകുമാരൻ തന്നെയാണ് പാപികൾക്കുവേണ്ടി ജീവൻ നല്കിയത്. കാൽവരി ബലിയിലൂടെ, അങ്ങിനെയാകുമ്പോൾ ഓരോ ക്രിസ്മസും, ഓരോ ജനനവും ഒന്നിന്റെ തുടക്കവും മറ്റൊന്നിന്റെ അവസാനവുമാണ്. പുതുജീവിതത്തിന്റെ തുടക്കവും പാപികളോടും പാപസാഹചര്യങ്ങളോടുമുള്ള ഉപേക്ഷിക്കലുമാണ്. അഴുകിന്നിടത്താണ് വളർച്ച. ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അതിന് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാദ്ധ്യമല്ല. നല്ലതൊക്കെ ഉണ്ണിയേശുവിന്റെ മുമ്പിൽ അടിയറവെയ്ക്കാനുള്ള സന്ദേശവും ക്രിസ്മസ് നല്കുന്നുണ്ട്. വിപലപിടിപ്പുള്ള പൊന്നും, മീരയും, കുന്തിരിക്കവും കാഴ്ചവെച്ച രാജാക്കന്മാരും, സ്വജീവിതം തന്നെ ഉണ്ണിയേശുവിനു മുമ്പിൽ കാഴ്ചവെച്ച ആട്ടിടയന്മാരും നമുക്ക് മാതൃകയാണ്.നമുക്കെന്താണ് ഈ വർഷം പുൽക്കൂട്ടിൽ കാഴ്ചവയ്ക്കാനുള്ളത്? എന്നെയോ എനിക്കുള്ളതോ? സമർപ്പിക്കേണ്ടത് വിലപിടിച്ച വസ്തുക്കളല്ല; നമ്മെത്തന്നെയാണ്. നാം നമ്മെത്തന്നെ നല്കിയാൽ നമുക്കുള്ളതും അതിനൊപ്പം ചേരും. ഒന്നും ഇല്ലാത്തവരുടെ മുമ്പിൽ ഒന്നും ഇല്ലാത്തവനായി എല്ലാം ഉള്ളവൻ ജനിച്ചു. എങ്കിൽ എന്റെ ചുറ്റുവട്ടത്തുള്ളവർക്ക് എന്തെങ്കിലുമൊക്കെയാകാൻ ഞാൻ താഴ്ന്നാലേ പറ്റൂ. 'താണനിലത്തെ നീരോടു' അവിടെ മാനമേ ദൈവം ഇണ (തു) ചെയ്തു. എല്ലാ വായനക്കാർക്കും ക്രിസ്മസ് പുതുവത്സരാശംസകൾ!

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരുകയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാനുഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു. ഈ പ്രാർത്ഥന വിശ്വാസത്തോടു മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും.

**വർഗീസുംകുടുംബവും**

യുവപംക്തി

# യുവാക്കളിലെ പുത്തൻ പ്രവണത

കഴിഞ്ഞകാല യുവാക്കൾ ത്യാഗികളും ആദർശവാന്മാരും സത്യത്തിനുവേണ്ടി നിലകൊള്ളുന്നവരുമായിരുന്നതിനാൽ പൊതുജനമദ്ധ്യത്തിൽ യുവാക്കളെക്കുറിച്ച് നല്ല മതിപ്പായിരുന്നു. അതുകൊണ്ടുതന്നെ ഇടക്കാലത്ത് നേതൃ നിരയിൽ യുവരത്നങ്ങളെ കൊണ്ടുവരുവാൻ സമൂഹത്തിനു താല്പര്യമായിരുന്നു.

എന്നാൽ ഇന്ന് സ്ഥാനമാനങ്ങൾക്കുവേണ്ടി ,പണസമ്പാദനത്തിനുവേണ്ടി ഏതു നികൃഷ്ട മാർഗ്ഗവും സ്വീകരിക്കാൻ യുവാക്കൾ തയ്യാറാകുന്നു. ഒരു ദുഷിച്ച സമൂഹത്തിനു വിത്തുപാകുകയാണ് ഇന്നത്തെ യുവാക്കൾ. അധികാര സ്ഥാനങ്ങളിലും നേതൃത്വത്തിലും ഇരിക്കുന്നവർക്ക് സ്തുതി പാടുക, മുഖസ്തുതി പറയുക, തെറ്റുകളുടെ നേരെ കണ്ണടയ്ക്കുക, പണം പെട്ടന്നു സമ്പാദിക്കാൻ വ്യഗ്രത കാട്ടുക, ഇതെല്ലാം ശീലമാക്കിയിരിക്കുന്നു. തങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി മറ്റുള്ളവരെക്കുറിച്ച് നുണകഥകൾ സൃഷ്ടിച്ച് നേതാക്കളെപ്രീതിപ്പെടുത്തുകയും നേതൃസ്ഥാനത്തിരിക്കുന്നവരെ ചവുട്ടി പുറത്താക്കാനും വെട്ടിവീഴ്ത്താനും കരുക്കൾ നീക്കുക. നേതൃസ്ഥാനത്തിരിക്കുന്നവർക്ക് മുഖസ്തുതിയും തങ്ങളുടെ അനുയായി ആണിവൻ എന്നു തോന്നിപ്പിക്കുന്നതു സന്തോഷവുമാണ്. എന്നാൽ ഒടുവിൽ കാടിക്കുഴിയിൽ വീഴുമെന്ന് അവരും അറിയുന്നില്ല. പല രാഷ്ട്രീയ പാർട്ടികളുടെയും പിളർപ്പിനു കാരണം ഈ നുണയന്മാരാണ്. ശരിയായ നേതൃത്വത്തിനു പക്ഷപാതപരമായി പെരുമാറാൻ കഴിയില്ല. തെറ്റുകൾ തിരുത്തുന്നവരെ സ്നേഹിക്കാനും സ്തുതിപാഠകരെ അകറ്റി നിർത്തുക്കയും ചെയ്യുന്നു .പണ്ടുള്ളവർ പറയും വാലുപൊക്കുമ്പോഴേ അറിയാം തൂറാനാണോ മൂത്രമൊഴിക്കാനാണോയെന്ന്" സമൂഹത്തിനുവേണ്ടി യാതൊന്നും പ്രവർത്തിച്ചിട്ടില്ലാത്തവരും സമൂഹത്തിലൊന്നുമല്ലാത്തവരുമാണ് ഇത്തരം കുറുക്കുവഴികൾ ഉപയോഗിച്ച് വളരുവാൻ ശ്രമിക്കുന്നത് .മുഖസ്തുതി പറഞ്ഞുവരുമ്പോഴേ നേതാക്കൾ ധരിച്ചുകൊള്ളണം ഇത് കാര്യസാധ്യത്തിനാണെന്ന്.

കൂടെ നടന്നിട്ട് ഒറ്റുകൊടുക്കുന്ന യൂദാസുകളും ഇന്നു ധാരാളമുണ്ട്. നേതൃത്വം ഇവരെ തിരിച്ചറിഞ്ഞില്ലെങ്കിൽ അപകടത്തിൽ ചെന്നുവീഴും. ചില യുവാക്കളുണ്ട് തങ്ങളാണ് നേതാവിനെ വളർത്തിയതെന്ന് വരുത്തിത്തീർക്കും. ഇക്കൂട്ടർക്ക് യാതൊരു ജനപിന്തുണയുമില്ലാത്തവരുമായിരിക്കും എന്നതാണ് സത്യം. യുവാക്കൾ സത്യത്തിനുവേണ്ടി, ആദർശത്തിനുവേണ്ടി നിലകൊള്ളണം. നിശബ്ദരായ ത്യാഗികളുടെ ചെലവിൽ നേതാവ് ചമഞ്ഞ് കാര്യം നേടുന്നവരും ഉണ്ട്.

# ഫാ. വർഗ്ഗീസ് കല്ലാപ്പാറയ്ക്ക് പാത്രിയർക്കാ ബഹുമതി

യാക്കോബായ സഭാ മുഖ്യവക്താവായ ഫാദർ വർഗീസ് കല്ലാപ്പാറയെ പ. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് ശ്രേഷ്ഠ പുരോഹിതൻ എന്ന ബഹുമതി നൽകി അനുഗ്രഹിച്ചു. സഭാ സേവനത്തിനും ഗ്രന്ഥരചനയിലും മീഡിയാരംഗപ്രവർത്തനങ്ങളിലുമുള്ള മികവിന് ലഭിച്ച അംഗീകാരമാണിത്.

മുൻപ് 1964 ൽ യാക്കൂബ് തൃതീയൻ പാത്രിയർക്കീസിൽ നിന്നും സഭയുടെ ഇഷ്ടപുത്രൻ "Beloves Son of the Church" 1992 ൽ പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസിൽ നിന്നും സെന്റ് ഏലിയാസ് മെഡലും ബഹുമതി പത്രവും, 2002 ൽ ഇസ്ഗാദ് ഈത്തോകാശീറോ "Faithful Son of the church" സഭാ വിശ്വസ്തദൂതൻ പദവി പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവയിൽ നിന്നും ലഭിച്ചിട്ടുണ്ട്.. കോറൂയോ പട്ടം സ്വീകരിച്ചതിന്റെ 50-ാം വാർഷികവും വൈദികനായതിന്റെ 40-ാം-വാർഷികദിനത്തിൽ ശ്രേഷ്ഠ പുരോഹിത പുരസ്ക്കാരവും മംഗളശിൽപവും ബഹുമതി പത്രവും പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയിൽ നിന്നും ലഭിച്ചിരിക്കുന്നു. 2007 നവംബർ 18 ന് ഞായറാഴ്ച എറണാകുളം എം.ജി. റോഡിലുള്ള സെന്റ് പീറ്റേഴ്സ് ചാപ്പലിൽ വി. മൂന്നിന്മേൽ കുർബ്ബാന മദ്ധ്യേ ഫാ. കല്ലാപ്പാറയ്ക്ക് കുരിശും മാലയും ബഹുമതിപത്രവും അനുഗ്രഹത്തിന്റെയും ശ്രഷ്ഠതയുടെയും ചിഹ്നമായി ശേഷ്ഠ കാതോലിക്കാ ബാവ നൽകും.

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയും ഏലിയാസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്തയും സഹകാർമ്മികരായിരിക്കും. യു.ഡി.എഫ്. കൺവീനർ പി.പി. തങ്കച്ചനും മന്ത്രി എസ്. ശർമ്മയും സഭാസെക്രട്ടറി തമ്പു ജോർജ് തുകലനും കമാൻഡർ ജോൺ എംബ്ലശ്ശേരിയും അനുമോദനങ്ങൾ അർപ്പിക്കും. സഭാ മാനേജിംഗ് കമ്മിറ്റി, അങ്കമാലി ഭദ്രാസന കൗൺസിൽ എന്നിവയിൽ 1964 മുതൽ അംഗമായി പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ കാക്കനാട് സെന്റ് തോമസ് പള്ളി വികാരിയും നെടുമ്പാശ്ശേരി സെന്റ് ജോർജ് പള്ളി ഇടവകാംഗവുമാണ്. താമരച്ചാൽ സെന്റ് മേരീസ് പള്ളി മാതൃ ഇടവകയാണ്. YMCA, Y's Men എന്നീ സേവനസംഘടനകളുടെ ഏറ്റവും നല്ല ബുള്ളറ്റിൻ എഡിറ്ററായി പല പ്രാവശ്യം ഫാ. കല്ലാപ്പാറയെ തെരഞ്ഞെടുത്തിട്ടുണ്ട്. നെടുമ്പാശ്ശേരി മാർ അത്തനാഷ്യേസ് ഹൈസ്ക്കൂൾ അദ്ധ്യാപകനായിരിക്കെ ഏറ്റവും നല്ല അദ്ധ്യാപകനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. ബൈബിൾ ഗ്രന്ഥ രചനയിലുള്ള മികവ് പ്രമാണിച്ച് പ. പാത്രിയർക്കീസ് ബാവയിൽ നിന്നും പ്രശംസാപത്രം 2000 ൽ അദ്ദേഹത്തിന്റെ കേരളത്തിലെ ശ്ലൈഹീക സന്ദർശന വേളയിൽ നൽകിയിട്ടുണ്ട്.

എറണാകുളം സെന്റ് പീറ്റേഴ്സ് ചാപ്പൽ സ്ഥാപകൻ പരേതനായ ചേരടി വർഗീസിന്റെ മകനായ യോഹന്നാൻ ചേരടിക്ക് പ. പാത്രിയർക്കീസ് ബാവായിൽ നിന്നുമുള്ള ഷെവലിയാർ സ്ഥാനവും ഇതോടൊപ്പം ശ്രേഷ്ഠ ബാവാ തിരുമേനി അണിയിക്കുന്നതാണ്.

# 'ക്രിസ്തുമസ്'



(Eva. Jose Mathew, Hathoj, Rajasthan, 303706)

ലോകൈക പരിത്രാതാവായ, കർത്താവായ യേശുക്രിസ്തുവിന്റെ ജനനം ഒരു അവിസ്മരണീയ ചരിത്ര സംഭവമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ജനനം ലോക വ്യാപകമായി ഇന്ന് കൊണ്ടാടുന്നു.

ഇനി ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം. ആദ്യം പൗരസ്ത്യ സഭയും തുടർന്ന് പശ്ചിമ സഭയും ജനുവരി 6-നെയാണ് ക്രിസ്തുമസായി ആഘോഷിച്ചിരുന്നത്. ക്രിസ്തുവിന്റെ ജനനം ഏപ്രിൽ 20-ന് ആയിരുന്നു എന്ന് ചിലരും മെയ് 20 ആയിരുന്നു എന്ന് മറ്റു ചിലരും കരുതിയിരുന്നതായി അലക്സാൻഡ്രിയായിലെ ക്ലെമന്റ് പറയുന്നു. ജനുവരി 6-ന് യേശു ജനിച്ചതായി ഈജിപ്റ്റുകാർ വിശ്വസിച്ചിരുന്നു എന്ന് "എപ്പിഫാനിയൂസ്" പ്രസ്താവിക്കുന്നുണ്ട്. എ.ഡി.336ലാണ്ക്രിസ്തുവിന്റെ ജനനം ഡിസംബർ 25-ന് എന്ന് റോമിൽ അംഗീകരിക്കപ്പെട്ടത്. സൂര്യദേവന്റെ ഉത്സവദിനമായ ഡിസംബർ 25-നെ ക്രിസ്തുവിന്റേതാക്കി മാറ്റിയത് കോൺസ്റ്റാന്റെൻ ചക്രവർത്തിയാണ്.

"സകല ജനങ്ങൾക്കും ഉണ്ടാകുവാനുള്ള മഹാസന്തോഷം" (ലൂക്കൊ. 2:10) എന്നുള്ളതാണ് യഥാർത്ഥ ക്രിസ്തുമസ്. ആ മഹാസന്തോഷം വിളംബരം ചെയ്യുകയാണ് യഥാർത്ഥ ക്രിസ്തുമസ് സന്ദേശം. കർത്താവായ യേശുക്രിസ്തുവാണ് ആ മഹാസന്തോഷം. ആ മഹാ സന്തോഷം ഹൃദയത്തിൽ തന്ന വലിയവനായ ദൈവത്തോട് നന്ദി അറിയിക്കുകയാണ് ഒരു യഥാർത്ഥ ക്രിസ്തുഭക്തന്റെ ക്രിസ്തുമസ് ആഘോഷം. അത് വർഷത്തിൽ ഒരിക്കൽ മാത്രമോ, ഒരു പ്രത്യേക ദിവസമോ മാത്രമല്ല പിന്നെയോ, എല്ലാ ദിവസവും ആ മഹാ സന്തോഷത്തെക്കുറിച്ച് ഓർക്കയും ധ്യാനിക്കയും ദൈവത്തെ സ്തുതിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ആ മഹാസന്തോഷം ഹൃദയത്തിൽ ജനിക്കാത്ത ഒരു വ്യക്തിയും ഈ നിലയിൽ ക്രിസ്തുമസ് ആഘോഷിക്കുവാനുള്ള അവകാശമില്ല.

മനുഷ്യരാശിക്ക് നൽകപ്പെട്ട സ്വർഗ്ഗത്തിന്റെ മഹാസമ്മാനമായ ദൈവപുത്രന്റെ സ്ഥാനം ഇന്ന് വിലകുറഞ്ഞ ഉപഹാരങ്ങൾ കൈയ്യടക്കിയിരിക്കുന്ന ഈ അവസരത്തിൽ നമുക്ക് ചെയ്യുവാനുള്ളത് ഈ മഹാസമ്മാനത്തെക്കുറിച്ച് മറ്റുള്ളവരോട് പറയുക എന്നുള്ളതാണ്. അതാകട്ടെ നാം മറ്റുള്ളവർക്ക് നൽകുന്ന ഉപഹാരം.

പ്രൗഢഗംഭീരമെങ്കിലും സ്വർഗ്ഗീയ രാജകുമാരന്റെ അഭാവംകൊണ്ട് അധന്യനായ ഹെരോദാവിന്റെ കൊട്ടാരത്തിലെത്തി നിരാശരും വിഷണ്ണരുമായിത്തീർന്ന വിദ്വാന്മാരുടെ അവസ്ഥയിലാണ് ഇന്നത്തെ ക്രിസ്തുമസ്.

ദിവ്യ വെളിപ്പാടാകുന്ന തിരുവചനത്തിന്റെ മാർഗ്ഗ ദർശനം സ്വീകരിച്ച് ഈ ലോകത്തോട് അനുരൂപരാകാതെ നമ്മുടെ ഹൃദയങ്ങളിൽ അധിവസിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെ നമ്മുടെ ഹൃദയക്കണ്ണാൽ കൺകുളിർക്കെ കണ്ടുകൊണ്ട് അതിന് നമുക്കവസരം തന്ന വലിയവനായ ദൈവത്തെ സ്തുതിച്ചും മഹത്വപ്പെടുത്തിയും സ്വർഗ്ഗീയപാതയിലൂടെയുള്ള നമ്മുടെ യാത്ര സഫലമാക്കാം. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ. പൊന്നും മൂരും കുന്തിരിക്കവും കാഴ്ചവെച്ച് അവനെ വണങ്ങി നമസ്ക്കരിച്ചു നിർവൃതിയടയാം.

വനിതാപംക്തി

ജോമോൻ കരുത്താനത്ത്, കാരയ്ക്കാട്

## മരുമക്കളെ! നിങ്ങളുടെ അമ്മായിയമ്മമാരെ സ്നേഹിപ്പീൻ.

കുടുംബശൈഥല്യം ഏറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. പ്രധാന കാരണം അണു കുടുംബവും സ്വാർത്ഥതയുമാണ്. ഭർത്താക്കന്മാരെ സ്വന്തത്തിലൊതുക്കുകയും തങ്ങളും മക്കളും മാത്രമെന്ന ചിന്തയുമാണ്. സ്കൂളുകളിൽ കുട്ടികൾക്ക് കൊടുത്തുവിടുന്ന ഭക്ഷണസാധനങ്ങൾ മറ്റാർക്കും കൊടുക്കരുതെന്ന താക്കീതുമായാണ് കുട്ടികളെ സ്കൂളുകളിലേക്ക് വിടുന്നത്. മക്കളെ വീടിനു പുറത്തു വിടുകയില്ല.സ്വന്തം ബന്ധുക്കളുമായിപോലും ബന്ധപ്പെടുവാൻ അനുവദിക്കില്ല. ഇത് കുട്ടികൾഅന്യരുമായി ബന്ധം സ്ഥാപിക്കാൻ കാരണമാകും ഒടുവിൽ തങ്ങൾക്കിഷ്ടമില്ലാത്തവരുമായി വിവാഹബന്ധത്തിലേർപ്പെടാനും മറ്റ് അസാന്മാർഗ്ഗിക ബന്ധങ്ങൾക്കും ഇടയാക്കും. ഭർത്താവിന്റെ സഹോദരി സഹാദരങ്ങളെയും ബന്ധുക്കളെയും അകറ്റി നിറുത്തുക എന്ന ഭാര്യമാരുടെ അടവു നയമാണ് കുടുംബബന്ധങ്ങളിലെ ശൈഥില്യങ്ങൾക്ക് ഒരു കാരണം. അതുപോലെതന്നെ കഷ്ടപ്പെട്ടു വളർത്തി ജീവിതമാർഗ്ഗം കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കി വിടുന്ന മാതാപിതാക്കളെ ഒഴിവാക്കാനും അവരുടെ വാർദ്ധക്യത്തിൽ ഒറ്റപ്പെടുത്തുന്നതിനും ഭാര്യമാർ മന:പൂർവ്വം ശ്രമിക്കുന്നു. ഒരുപക്ഷേ തങ്ങളേപ്പോലെ വിദ്യാഭ്യാസമോ സംസ്കാരമോ ഇല്ലാത്തവരായിരിക്കാം. പണ്ടത്തെ ജീവിതരീതി തുടർന്നുവരുന്നവരായിരിക്കാം എന്നാൽ അവരിൽ നിന്നാണ് തങ്ങളുടെ ഭർത്താക്കന്മാരെന്നും ചിന്തിക്കാൻ സ്ത്രീകൾ മെനക്കെടാറില്ല. ഭർത്താക്കന്മാർക്കോ ഭാര്യമാരുടെ വാക്കുകൾ വേദവാക്യവും പ്രത്യേകിച്ച് ജോലിയുള്ള ഭാര്യമാരാണെങ്കിൽ പറയുകയും വേണ്ട. വേണമെങ്കിൽ അനാഥാലയത്തിലാക്കാനും മടികാണിക്കില്ല. മാതാപിതാക്കളുടെ സ്വത്ത് അനുഭവിച്ചിട്ട് ത ങ്ങൾ അവർക്കുവേണ്ടി അനുഭവിച്ച കഷ്ടപ്പാടുകൾ ഓർക്കാതെ അവരുടെ ബലഹീനതയിൽ തഴയപ്പെടുന്നത് ക്രൂരതയല്ലേ.

പെൺകുട്ടികളെ വിവാഹം ചെയ്തയച്ചാൽ മാസങ്ങൾക്കകം ബന്ധം വേർപെടുത്തുന്നവർ, ഭർത്താവിനെ സ്വന്തം വീട്ടിൽനിന്ന് പറിച്ചു മാറ്റുന്നവർ ,കേസുകളുംമറ്റുമായി പോകുന്നവർ ആലോചിക്കുക. തങ്ങളുടെ പൂർവ്വികർ എങ്ങനെയാണ് കുടുംബങ്ങളിൽ കഴിഞ്ഞിരുന്നത്. കുടുംബ ബന്ധങ്ങൾ കാത്തുസൂക്ഷിച്ചിരുന്നത്. ബന്ധുമിത്രാദികളുമായി സൗഹൃദമായി കഴിഞ്ഞിരുന്നത്. ഇന്ന് എന്തുകൊണ്ടിങ്ങനെയുണ്ടാകുന്നു.

ചില സ്ത്രീകൾ കുടുംബത്തു സമാധാനം നശിപ്പിച്ചിട്ട് ക്ഷുദ്രക്കാരെയും കള്ളപ്രവാചകന്മാരെയും ഡിസ്കോ പ്രാർത്ഥനക്കാരെയും തിരക്കി ഇറങ്ങും. സ്വന്തം വീട്ടിൽ പ്രാർത്ഥനയില്ലാതെ സ്നേഹമില്ലാതെ ദൈവീകാത്മാവില്ലാതെ സമാധാനത്തിനുവേണ്ടി മറ്റുള്ളവരെ തേടിപ്പോകുന്നവർ ഒരു നിമിഷം തങ്ങളെത്തന്നെ തിരിച്ചറിയുന്നതും സ്വന്തം ചെയ്തികളുടെ തെറ്റിനെക്കുറിച്ച് ബോധവതികളാകുകയും ചെയ്ത് തങ്ങളുടെ അമ്മായിയമ്മ - അമ്മായിയപ്പന്മാരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും കരുതുകയും ചെയ്യുക. വീട്ടിൽ കുടുംബമായിരുന്നു പ്രാർത്ഥിക്കുക. ഭർതൃസഹോദരന്മാരോടു സ്നേഹമായി പെരുമാറുക. തങ്ങളുടെ മക്കളെ സ്വന്തക്കാരുടെ മക്കളുമായി ബന്ധപ്പെട്ടു ജീവിക്കാൻ അനുവദിക്കുക. അപ്പോൾ നിങ്ങളുടെ ജീവിതത്തിൽ സന്തോഷവും സമാധാനവും ദൈവീക സാന്നിധ്യവും കളിയാടും. കുടുംബത്തിൽ ആനന്ദം കളിയാടും. മക്കൾ നല്ല ഭാവിയുടെ ഉടമകളാകും. ഭവനം സ്വർഗ്ഗതുല്യമാകും. ഇന്ന് നിങ്ങൾ നിങ്ങളുടെ മാതാപിതാക്കൾക്കും അമ്മായിയമ്മ - അമ്മായിപ്പന്മാർക്കും നൽകുന്നത് നാളെ നിങ്ങൾക്ക് പതിന്മടങ്ങായി തിരികെ ലഭിക്കും. നമ്മുടെ മക്കൾ നമ്മെ കണ്ടു പഠിക്കട്ടെ. കുടുംബമായി കൗൺസിലിങ്ങിനു വിധേയമാകുന്നത് പ്രശ്നങ്ങൾ പരിഹരിക്കാൻ എളുപ്പമാകും. വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും നല്ല ജീവിതത്തിനു സഹായകമാകും. "കൊടുത്താൽ കൊല്ലത്തും കിട്ടും"

<u>ബാലപംക്തി</u>

# അനുകരണീയമായ മാതൃക

കാരയ്ക്കാട് സീനായ്കുന്ന് പള്ളി മലങ്കര യാക്കോബായ സഭയിലെ ഒരു ചെയറിയ ഇടവകയാണ്. 55 കുടുംബങ്ങൾ എല്ലാം ഇടത്തരക്കാർ. വിദേശത്തുള്ളവർ നാലഞ്ചു പേരിൽ കൂടുതലില്ല. പകുതിയിൽ കൂടുതൽ പാവപ്പെട്ടവരാണ്. അതിലൊരു ഭവനത്തിലുണ്ടായ ദുരന്തത്തിൽ ചട്ടം നോക്കാതെ ഇടവക ജനങ്ങൾ സഹകരിക്കുന്നു എന്നത് എല്ലാവർക്കും മാതൃകയാണ്. ഇടവകയിലെ ഒരു പാവപ്പെട്ട വീട്ടിൽനിന്ന് വിവാഹം ചെയ്തയച്ച ഒരു പെൺകുട്ടി ഭർത്താവോടൊപ്പം ഭർത്താവിന്റെ ജോലിസ്ഥലമായ ഉത്തർപ്രദേശിൽ കുടുംബമായി താമസിക്കവെ ഭർത്താവ് മരിച്ചു രണ്ടു കുട്ടികൾ ആണും പെണ്ണും. ഇരുവരും സ്കൂളിൽ പഠിക്കുന്നു. ഭർത്താവിന്റെ മരണശേഷം ഭാര്യ കഷ്ടപ്പെട്ട് ജോലി ചെയ്ത് ആ കുട്ടികളെ പരിരക്ഷിച്ചു എന്നാൽ അവരും രോഗിണിയായി. ഭർത്താവിന്റെ വീട്ടുകാർ അതോടെ ആ കുടുംബത്തെ ഒഴിവാക്കി. തന്മൂലം സ്വന്തം വീട്ടിലേക്കു കുട്ടികളുമായി മടങ്ങേണ്ടിവന്നു. വീട്ടിലോ പിതാവ് മരിച്ച് അമ്മ മാത്രവും. കഷ്ടിച്ച് ജീവിതം ആരെയും ആശ്രയിക്കാതെ കഴിയുന്ന ആ അമ്മ പെട്ടന്നുണ്ടായ ഇവരുടെ വരവിൽ ആകെ പരിഭ്രാന്തയായി. എങ്ങനെ ഇവരെ പുലർത്തും എങ്ങനെ കുട്ടികളെ പഠിപ്പിക്കും. എന്നാൽ ഈ ദുസ്ഥിതി ആരോടെങ്കിലും പറയാൻ ആ അമ്മയ്ക്കു അഭിമാനം അനുവദിച്ചില്ല. ഇവിടെയാണ് ഈ ഇടവകയുടെ കടമ നിറവേറ്റാനുള്ള സമയം. വിവാഹം ചെയ്ത് മറ്റൊരു ഇടവകയിലേക്ക് അയച്ചവരെങ്കിലും ഈ കുടുംബത്തെ ആരുടേയും അപേക്ഷ കൂടാതെതന്നെ ദത്തെടുക്കുവാൻ ഇടവക തയ്യാറായി. വൈദിക ശമ്പളം പോലും കൊടുക്കാൻ പാടുപെടുന്ന ഒരു ഇടവക കേസിനു ഓരോ വർഷവും പതിനായിരങ്ങൾ ചെലവിടേണ്ടിവരുന്ന ഇടവക എങ്ങനെ ഇതിനു ധൈര്യം കാട്ടിയെന്നത് അതിശയമാണ്. എന്നാൽ ഇടവകയെ ബുദ്ധിമുട്ടിക്കാതെ ഇടവകാംഗങ്ങൾ അതിനു വഴി കണ്ടെത്തി. ഇടവകയിൽ ഈ ദുസ്ഥിതി വികാരിയച്ചൻ അറിയിച്ചപ്പോൾതന്നെ പല അംഗങ്ങളുംമാസംതോറും ഓരോ ചെറിയ തുക നൽകാമെന്നേറ്റു. അവരുടെ ജീവിതച്ചെലവും കുട്ടികളുടെ പഠനച്ചെലവും നിർവ്വഹിക്കുന്നു. ഇതിനിടയിൽ അമ്മ മരിക്കയും കുട്ടികൾ അനാഥരാകുകയും ചെയ്തു. സ്വന്തമായി വസ്തുവോ വീടോ ഇല്ലാത്ത ഈ കുട്ടികളെ (പെൺകുട്ടി +1 ലും, ആൺകുട്ടി 8 ലും) ഇടവകയുടെ നേതൃത്വത്തിൽ ദൈവസഹായത്താൽ പരിപാലിക്കുന്നു. ലക്ഷക്കണക്കിനു രൂപാ വരുമാനമുള്ള കോടികൾ മരാമത്തിനു ചെലവാക്കുന്ന ഇടവകകൾ ഇതു മാതൃകയാക്കേണ്ടതാണ്. നമ്മുടെ ഓരോ ഇടവകയിലും ആരെയും അറിയിക്കാതെ ഞെരുക്കത്തിൽ കഴിയുന്ന, പഠനത്തിനു മാർഗ്ഗമില്ലാതെ കടമെടുത്തു പഠിപ്പിക്കുന്ന, അനേകം കുടുംബങ്ങളുണ്ട്. അവരെ കണ്ടെത്തുവാൻ ഒരു കൈ സഹായിക്കാനും സഭയും ഇടവകയും സഭാംഗങ്ങളും തയ്യാറാകണം. മാതാപിതാക്കൾക്കു പോലും വേണ്ടാത്ത അനേകം കുട്ടികൾ ഇത്രയും സാമൂഹിക നേട്ടം ഉണ്ടായിട്ടുള്ള കേരളത്തിലുണ്ട് എന്നത് ഒരു സത്യം മാത്രമാണ്. മദ്യപിച്ച് കളയുന്ന, ധാരാളിത്വം കാണിക്കുന്ന, ആവശ്യത്തിലധികം സുഖഭോഗങ്ങൾക്ക് പണം ചെലവാകുന്ന, കോടികൾ അടുത്ത തലമുറയ്ക്കായി സൂക്ഷിച്ചുവയ്ക്കുന്ന, സഭാംഗങ്ങൾ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നത് ദൈവാനുഗ്രഹത്തിന് ഇടയാക്കും.

സഭ ഇപ്രകാരമുള്ള അനാഥ കുഞ്ഞുങ്ങളെ ദത്തെടുത്ത് നല്ല ഭക്ഷണവും നല്ല വസ്ത്രവും നല്ല വിദ്യാഭ്യാസവും നല്കി സമൂഹത്തിനും സഭയ്ക്കും കൊള്ളാവുന്നവരാകാൻ സന്നദ്ധമാകണം. കോടികൾ മറ്റു കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിനേക്കാൾ ഉത്തമമായിരിക്കും ഇത്. സഭാംഗങ്ങൾ നല്ല കാര്യങ്ങൾക്ക് സഹകരിക്കുകയും ചെയ്യും തർക്കമില്ല.

# മഞ്ഞനിക്കരപ്പെരുന്നാൾ

**ഫെബ്രുവരി 10 മുതൽ 16 വരെ**

മഞ്ഞനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ കബറടങ്ങിയിരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ 76-മത് ദുഖ്റോനോപെരുന്നാൾ ഫെബ്രുവരി 10 മുതൽ 16 വെ പ. പിതാവ് കബറടങ്ങിയിരിക്കുന്ന മഞ്ഞനിക്കര ദയറായിൽ നടക്കും. ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായും പ. പാത്രീയർക്കീസ് ബാവായുടെ പ്രത്യേക അപ്പോസ്തോലിക പ്രതിനിധിയും യാക്കോബായ സുറിയാനിസഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും പെരുന്നാളിൽ പങ്കെടുക്കും. ഫെബ്രുവരി 10 ന് ഞായറാഴ്ച മഞ്ഞനിക്കര ദയറായിൽ വൈകിട്ട് 5 മണിക്ക് സന്ധ്യാ പ്രാർത്ഥനയ്ക്ക് ശേഷം ഓമല്ലൂർ കുരിശുംതൊട്ടിയിൽ പതാകയുയർത്തും. അന്നേദിവസം രാവിലെ മലങ്കരയിലെ എല്ലാ പള്ളികളിലും വി. കുർബ്ബാനയ്ക്കുശേഷം പാത്രിയർക്കാ പതാക ഉയർത്തുന്നതാണ്. ഫെബ്രുവരി 11 തിങ്കളാഴ്ച മുതൽ 14 വ്യാഴാഴ്ച വരെ വൈകിട്ട് 7 മണി മുതൽ സുപ്രസിദ്ധ വാഗ്മികൾ സുവിശേഷഘോഷണം നടത്തും. 15 ന് മൂന്ന് മണിമുതൽ എത്തിച്ചേരുന്ന വിവിധ തീർത്ഥാടക സംഘങ്ങളെ ഓമല്ലൂർ കുരിശിങ്കൽ മെത്രാപ്പോലീത്തന്മാരുടെ നേതൃത്വത്തിൽ സ്വീകരിച്ച് വി. കബറിങ്കലേയ്ക്ക് ആനയിക്കും. 6 ന് തീർത്ഥാടന സമാപന പൊതുസമ്മേളനം നടക്കും. തുടർന്ന് മുഴുരാത്രി അഖണ്ഡപ്രാർത്ഥന. 16 ന് പുലർച്ചെ 3 മണിക്ക് മോർ സ്തേഫാനോസ് പള്ളിയിലും 5.30ന് ദയറാപള്ളിയിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ വി. മൂന്നിന്മേൾ കുർബ്ബാനയും 8 മണിക്ക് പ. പാത്രിയർക്കീസ് ബാവായുടെ പ്രത്യേക പ്രതിനിധിയുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാനയും ഉണ്ടായിരിക്കും. 10 മണിക്ക് സമാപനറാസ. മഞ്ഞനിക്കര ദയറാത്തലവനും സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ കുര്യക്കോസ് മോർ യൂലിയോസ് ചെയർമാനായും ഗീവർഗീസ് മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത, ഗീവർഗീസ് മാർ അത്താനാസ്യോസ്, വൈസ് ചെയർമാന്മാർ കമാണ്ടർ ടി.യു. കുരുവിള ജനറൽ കൺവീനറായും ഫാ. ജേക്കബ് തോമസ് മാടപ്പാട്ട് കൺവീനറുമായി വിവിധ കമ്മിറ്റികൾ പ്രവർത്തനമാരംഭിച്ചു.

To

Sri / Smt. ....................................

....................................

....................................

**Printed Matter**

**If undelieverd Please return to:**
**Chev. K.J. Abraham Kodiattu,**
**Managing Editor**
**Yakkoobyan-Monthly**
**Tiruvalla P.O., Pathanamthitta (Dst.), Kerala.**

Printed & Published by S.O.S.S. Printed at Puthethu Offset Printers, Kallissery. Tel: 0479-2426561
Mag. Editor Chev. K.J. Abraham Kodiattu. Tel: 0469-2601005, Chief Editor (Hon) Fr. Koshy P. George, Tel: 0468-2286465, Editor (Hon) Alexander Karakkad, Tel: 0479-2424177 (R) 94461 88030 (M), Website: www.yakkoobyan.org